# ഫ്ളവർ കൈറ്റ് .com 2019



**ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം**

**ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ വടകര -28009**

# ആശംസകളോടെ ..................

## സ്കൂൾ മാനേജർ

## റവ.ഫാ. ജോസഫ് മുളഞ്ഞനാൽ



വിദ്യാർത്ഥികളുടെ സർവ്വതോൻമുഖമായ വളർച്ചയെ ലക്ഷ്യമാക്കി പൊതുവിദ്യാലയങ്ങളിൽ നടപ്പാക്കിയ സംസ്ഥാന സർക്കാറിന്റെ നൂതന പദ്ധതിയാണ് "ലിറ്റിൽ കൈറ്റ്സ്". ഇത് കുട്ടികളുടെ ഐ.ടി നൈപുണികളുടെ വികാസത്തിന് എറെ പ്രയോജനകരമാണ് എന്ന് ലിറ്റിൽ ഫ്ലവർ സ്കൂളിലെ പ്രവർത്തനങ്ങളിൽ നിന്ന് എനിക്ക് ബോധ്യമായി. അനായാസേന കംമ്പ്യൂട്ടറുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഈ കുട്ടികൾ പ്രാപ്തരാണ് ഇവരുടെ ഡിജിറ്റൽ മാഗസിന്റെ പണിപ്പുരയിൽ എത്തിയപ്പോൾ എത്ര സൂക്ഷ്മതയോടും വ്യക്തതയോടും ആണ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് എന്ന് എനിക്ക് ബോധ്യമായി. ഇവരുടെ എല്ലാ പ്രവർത്തനങ്ങൾക്കും ഡിജിറ്റൽ മാഗസിനും ഈശ്വരാനുഗ്രഹവും ആശംസകളും ഹൃദയപൂർവ്വം നേരുന്നു......

ആശംസകളോടെ ..............

സ്കൂൾ ഹെഡ്മിസ്ട്രസ്

റവ.സി. വൽസമ്മ മാത്യു



നമ്മുടെ വിദ്യാലയങ്ങളെല്ലാം മികവിൻെറ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി, എല്ലാ ഹൈസ്ക്കൂൾ ക്ലാസ് റൂമുകളും ഹൈടെക് നിലവാരത്തിലേക്ക് ഉയർന്നുകഴിഞ്ഞു.വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ നമ്മുടെ കുട്ടികളുടെ വിരൽത്തുമ്പിൽ ഇന്ന് ലഭ്യമാണ്.വിവരസാങ്കേതിക രംഗത്ത് കുട്ടികളെ പ്രാഗൽഭ്യമുള്ളവരാക്കി തീർക്കുന്നതിനുവേണ്ടിയുളള നവകാൽവയ്പാണ്,ഏകദേശം ഒരു ലക്ഷത്തോളം കുട്ടികൾ

അംഗങ്ങളായിരിക്കുന്ന ലിറ്റിൽ കൈറ്റ്സ് എന്ന കൂട്ടായ്മ. ആനിമേഷൻ,സൈബർ സേഫ്റ്റി,മലയാളം കമ്പ്യൂട്ടിങ്ങ്, ഹാർഡ് വെയർ ആന്റ് ഇലക്ട്രോണിക്സ് എന്നീ മേഖലകളിലാണ് കുട്ടികൾക്ക് പരിശീലനം നൽകിവരുന്നത്.സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം നല്ല രീതിയിൽ വളർത്തിയെടുക്കാൻ ഇതിലൂടെ സാധിക്കുന്നു.നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമതയോടെയാണ് നടക്കുന്നത്.സ്കൂളിൽ നടക്കുന്ന എല്ലാ പ്രധാനപ്പെട്ട പ്രവർത്തനങ്ങളും കുട്ടികൾ തന്നെയാണ് നേതൃത്വം നൽകുകയും റിക്കോർഡ് ചെയ്ത് ക്രോഡീകരിക്കുകയും ചെയ്യുന്നത്.ഈ വർഷത്തെ പരിശീലനത്തിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് പുറത്തിറക്കുന്ന "ഫ്ളവർ കൈറ്റ്.കോം2019" എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. വളരെ മനോഹരമായ രീതിയിൽ, പൂർത്തിയാക്കുവാൻ കഴിഞ്ഞ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക്, പ്രത്യേക അഭിനന്ദനങ്ങൾ

# ആശംസകൾ..........

## സ്കൂൾ പി. ടി. എ പ്രസിഡന്റ്

### ശ്രീ. സുനീഷ് കാരികുന്നേൽ



**സങ്കേതിക വിദ്യയുടെ വിസ്മയ ലോകത്തിലേയ്ക്ക് കുഞ്ഞുങ്ങളെ കൈപിടിച്ചുയർത്തുവാൻ നമ്മുടെ സ്കൂളിൽ ആരഭിച്ചിരിക്കുന്ന ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ കൂട്ടായ്മയുടെ വളർച്ചയിൽ സന്തോഷിക്കുന്നു. അതോടൊപ്പം അവരുടേതായി പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.ഇനിയും വളരെ നല്ല രീതിയിൽ പുരോഗമിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.**

# ആശംസകൾ ..........

## സ്കൂൾ എം. പി. ടി. എ പ്രസിഡന്റ്

### ശ്രീമതി. ജിജി ജിജി



വിവരസാങ്കേതിക വിദ്യ- അതിവേഗം കുതിച്ചുകൊണ്ടിരിക്കുന്ന . ഇന്നത്തെ ലോകത്തിൽ നമ്മുടെ സ്കൂളുകളിൽ കുട്ടികളുടെ സാങ്കേതിക രംഗത്തുള്ള  മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ചിരിക്കുന്ന ലിറ്റിൽ കൈറ്റ്സ് എന്ന പ്രസ്ഥാനം വളരെ വേഗം നല്ല രീതിയിൽ പുരോഗമിക്കുന്നതിൽ സന്തോഷമുണ്ട്. കുട്ടികളുടെ മികവിന്റെ ഭാഗമായി പുറത്തിറക്കുന്ന ഇ- മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.



# അഭിനന്ദനങ്ങൾ..........

## കൈറ്റ് മിസ്ട്രസ്,

## ശ്രീമതി. പ്രസീദാ പോൾ

**2018-19 അധ്യയനവർഷം സംസ്ഥാന സർക്കാർ പുതുതായി ഏർപ്പെടുത്തിയ ലിറ്റിൽകൈറ്റ്സ്, വിദ്യാർത്ഥികൾക്ക് ഏറെ ഫലദായകമാണ്. വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്ന് പോകാനുള്ള അവസരമാണ് ഇതിലൂടെ വിദ്യാർത്തികൾക്ക് ലഭിക്കുന്നത്. സാങ്കേതിക രംഗത്തെ വിവിധമേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് അവസരംനൽകി,വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ചാണ് ഇതിന് രൂപം കൊടുത്തിരിക്കുന്നത്. ഇതിന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോയപ്പോൾ നമുക്ക് മുന്നിലിരിക്കുന്ന കുട്ടികൾ എത്രയോ ശ്രേഷ്ഠരാ ണ്, മുൻ പന്തിയിലാണ് എന്ന പച്ചയായ യാഥാർത്ഥ്യം മനസിലാക്കുവാൻ കഴിഞ്ഞു. കാര്യങ്ങൾ എളുപ്പത്തിൽ ഗ്രഹിച്ച് ,എന്തും,ഏതും അനായാസം കൈകാര്യം ചെയ്യുന്ന കുട്ടിപട്ടങ്ങളെ നയിക്കുവാൻ കിട്ടിയ അവസരം, അനുഭവദായകമായി ഞാൻ കാണുന്നു. കുട്ടികളുടെ ജിജ്ഞാസയാണ് പലപ്പോഴും, കാര്യങ്ങൾ ഒന്നുകൂടി ആഴത്തിൽ മനസിലാക്കി, ക്ലാസിലേക്ക് പോകുവാൻ എനിക്ക് ആവേശം പകർന്നത്. ഈ വർഷം കുട്ടിപട്ടങ്ങളുമൊത്ത് മുന്നേറുവാൻ സാധിച്ചതും, തികഞ്ഞ ആത്മാർത്ഥതയോടെ തന്നെ പ്രവർത്തനങ്ങൾ മുന്നോട്ട്കൊണ്ടുപോകാൻ സാധിച്ചതിലും, ഈശ്വരനും, ഞങ്ങളുടെ മേലധികാരികൾക്കും, സഹപ്രവർത്തകർക്കും നന്ദി അർപ്പിച്ചുകൊള്ളുന്നു. ഞങ്ങളുടെ കുട്ടിപ്പട്ടങ്ങൾക്ക് ഏറ്റവും സ്നേഹത്തോടെ ഹൃദയം നിറഞ്ഞ ആശംസകൾ.**

# അഭിനന്ദനങ്ങൾ.........

## കൈറ്റ് മിസ്ട്രസ്

### സി.മരിയ സെബാസ്റ്റ്യൻ SABS



സാങ്കേതികവിദ്യയോട് പുതുതലമുറയ്ക്ക് വളരെയധികം ആഭി മുഖ്യ മുണ്ട്.ഈ ആഭിമുഖ്യം ഗുണപരമായും, സർഗാത്മകമായും, പ്രയോജനപ്പെടുത്തുന്നതിനായി രൂപപ്പെടുത്തിയിരിക്കുന്ന ഒരു ഐ.ടി. കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ഇവിടുത്തെ 40 കുട്ടികൾ വളരെ സജീവമായും ഉത്തരവാദിത്വത്തോടെയും കാര്യങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്നു എന്നതിൽ എനിക്ക് ഏറെ സന്തോഷമുണ്ട്.ഈ ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ ആദ്യ പരിശീലന ഘട്ടത്തിൽ തന്നെ ഉത്തരവാദിത്വബോധമുള്ള ഒരു കൂട്ടം വിദ്യാർത്ഥികളുടെ രൂപീകരണമാണ് എന്നെ ഏറെ ആകർഷിച്ചത്.പൊതുമുതൽ നശിപ്പിക്കാനുള്ള പ്രവണത ഏറിവരുന്ന ഇന്നത്തെ കാലഘട്ടത്തിൽ, ഈ വർഷം സ്കൂളുകളിൽ രൂപീകൃതമായ ഈ പദ്ധതി, ഒരു കൂട്ടം വിദ്യാർത്ഥികളിൽ ഹൈടെക് ഉപകരണങ്ങൾ എങ്ങനെ ഉത്തരവാദിത്വത്തോടെ സംരക്ഷിക്കണമെന്നബോധ്യം ഉണ്ടാക്കി കൊടുത്തു. ഈ കുട്ടികൾ പൂർണ ഉത്തരവാദിത്വത്തോടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതു കാണുമ്പോൾ എന്റെ ഹൃദയം ഏറെ അഭിമാന പൂരിതമാകുന്നു. ഇതിന്റെ നേതൃത്വം ഏറ്റെടുക്കാൻ കഴിഞ്ഞതിലും എനിക്ക് സന്തോഷമുണ്ട്. ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സിന് എല്ലാ ഭാവുകങ്ങളും സ്നേഹപൂർവ്വം ആശംസിക്കുന്നു.

# എക്സിക്യൂട്ടീവ് മെമ്പേഴ്സ്

റവ.ഫാ.ജോസഫ് മുളഞ്ഞനാൽ – സ്കൂൾ മാനേജർ

റവ.സി.വൽസമ്മ മാത്യു SABS – ഹെഡ്മിസ്ട്രസ്

ശ്രീ.സുനീഷ് കാരികുന്നേൽ – പി.ടി.എ പ്രസിഡന്റ്

ശ്രീമതി. ജിജി ജിജി – എം.പി.ടി.എ പ്രസിഡന്റ്

ശ്രീമതി.പ്രസീദാ പോൾ – SITC

സി.മരിയ സെബാസ്റ്റ്യൻ SABS – കൈറ്റ് മിസ്ട്രസ്

മാസ്റ്റർ ജിതിൻ ജോയി – ചീഫ് എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്

൧. അഭിജിത്ത് സജീവ്

൨. അഭിജിത്ത് പി.ആർ

൩.അഭിരാം റെജി

൪.അമൃതാ ജയപ്രകാശ്

൫.ബിനി സാബു

൬.നയന ജോൺ

# എഡിറ്റോറിയൽ



എൽ.എഫ്.എച്ച്.എസ് വടകരയിൽ "ലിറ്റിൽ കൈറ്റ്സ് "വളരെ സജീവമായി പ്രവർത്തിച്ചുവരുന്നു. ഞങ്ങൾ 40 കുട്ടികളാണ് ലിറ്റിൽ കൈറ്റ്സിലുള്ളത്. ഞങ്ങളുടെ കൈറ്റ്സ് മിസ്ട്രസുമാരായ സി.മരിയയുടെയും പ്രസിദടീച്ചറിന്റെയും , ഞങ്ങളുടെ എല്ലാവരുടെയും, അശ്രാന്ത പരിശ്രമത്തിന്റെ ഫലമാണ് ഈ ഡിജിറ്റൽ മാഗസിൻ. ഇത്രയേറെ കഴിവുകൾ കൂട്ടുകാരിൽ ഒളിഞ്ഞുകിടപ്പുണ്ടെന്ന് കണ്ടെത്താനും,അതിനെ പുറത്തുകൊണ്ടുവരുവാനും ഇതിലൂടെ സാധിച്ചു. ഒന്നിനും പുറകോട്ട് മാറി നിൽക്കാതെ സമയവും അറിവും ഉത്സാഹത്തോടെ ഡിജിറ്റൽ മാഗസിൻ പുരോഗതിക്കായി വിനിയോഗിക്കുവാൻ സന്മനസുകാണിച്ച കൂട്ടുകാർക്ക് നന്ദി. ഇതിനായി ഞങ്ങളെ പ്രോത്സാഹിപ്പിച്ച് നിർദ്ദേശങ്ങൾ നല്കി നയിച്ച ഞങ്ങളുടെ അധ്യാപകർക്കും, ആശംസകൾ നേർന്ന ഞങ്ങളുടെ സ്കൂൾ മാനേജർ റവ.ഫാ. ജോസഫ് മുളഞ്ഞനാലിനും, ഞങ്ങളുടെ ഹെഡ്മിസ്ട്രസ് സി.റോസ് ലിനും എല്ലാ ടീച്ചേഴ്സിനും നന്ദി.വളരെ



സന്തോഷ ത്തോടും നന്ദിയോടും കൂടി ഈ "**ഫ്ളവർ കൈറ്റ്.com 2019"**നിങ്ങൾക്കായി സമർപ്പിക്കുന്നു........

ജിതിൻ ജോയി ,ചീഫ് എഡിറ്റർ

## ഉള്ളടക്കം

എന്നെ ഞാനാക്കിയ ലിറ്റിൽ കൈറ്റ്സ്........16
കവിതാശകലങ്ങളിലൂടെ........18
*ചേറ്റിലെ താമര*........19
*സ്മാർട്ട് ഫോൺ*........22
പൂവ്........24
*മരങ്ങൾ*........25
ഒരു കുട്ടിയുടെ ആത്മകവിത........26
*എന്റെ കലാലയം*........28
പുഴ........30
മഴ........31
*എന്റെ വിദ്യാലയം*........33
കുഞ്ഞിക്കിളി........35
നല്ല കൂട്ടുകാർ........37
കുട്ടിനെത്തും മാലാഖ........38
തവളച്ചാട്ടം........39
നോവിന്റെ പ്രണയം........40
നിർവചനം........42
മൺപാത്രങ്ങൾ........43
അമ്മയും കുഞ്ഞും........45
*എന്റെ കൂട്ടുകാരി*........47
*മാതൃഭാഷ*........48
നിയമവും സത്യവും........50
മർത്യനെവിടെ?........52
സുന്ദര പ്രകൃതി........55
ചിന്താശകലങ്ങളിലൂടെ........57
*പ്രേഷിതപൃഷ്ഠം*........58
*കേരളത്തിലെ വിദ്യാഭ്യാസ മേഖല*........61
*കേരളത്തിലെ വെള്ളപ്പൊക്കം*........63
മാതൃഭാഷയിൽ നിന്നകലുന്ന........66
*പുതുതലമുറ*........66
മനുഷ്യന്റെ ചെയ്തികളും മലിനമാകുന്ന........68
പരിസ്ഥിതിയും........68
മാതാപിതാക്കളോടും........70
അധ്യാപകരോടുമുള്ള മനോഭാവം........70

പഠനം ഒരു.....73
വിനോദമാക്കാം.....73
*പുഞ്ചിരികൾ വിടർത്തുക*.....76
ATTITUDE IS ALTITUDE.....78
പ്രകൃതിയും മനുഷ്യനും.....86
കുട്ടികളും പ്രാർത്ഥനയും.....88
പ്രകൃതി നേരിടുന്ന വെല്ലുവിളികൾ.....91
എന്റെ കുട്ടിക്കാലം.....94
ജാഗ്രതാ നിർദ്ദേശങ്ങൾ.....98
*നവകേരളം*.....101
വി. റോസാ.....104
അന്ത്യചുംബനം.....106
ഇന്നത്തെ മുള്ള് നാളത്തെ പൂവ്.....111
ഒരു അവധിക്കാലം.....113
*പൂമ്പാറ്റകളുടെ റാണി*.....115
*സന്തോഷമുള്ള പക്ഷി*.....117
നിറങ്ങളുടെ ലോകം.....119
മാവിൻ ചുവട്ടിലെ അപ്പൂപ്പൻ.....121
വികൃതി മാറി.....123
മാന്ത്രിക ചക്ക.....125
പാദസ്വരം.....129
*മാതൃത്വത്തിന്റെ മാധുര്യം*.....131
മണ്ടൻ സിംഹവും മണ്ടൻ കുറുക്കനും.....134
*ആരേയുംവിധിക്കരുത്*.....*136*
*അമ്മ എന്ന സത്യം*.....138
*പ്രതിഫലം നല്കുന്ന ദൈവം*.....*141*
.....142
*നക്ഷത്രം*.....144
ബനാന കേക്ക്.....148
ഗ്രിൽഡ് ചിക്കൻ.....150




# ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ

# ഭാവനാലോകത്തിലേയ്ക്ക് സ്വാഗതം



## Our Winners



ANJALEENA ABRAHAM
(IT project 1st A grade)

JITHIN JOY
(Multimedia Presentation 1st A Grade)

Little Flower High School Vadakara

# എന്നെ ഞാനാക്കിയ ലിറ്റിൽ കൈറ്റ്സ്

***ജിതിൻ ജോയ്*,9 B**



കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പുതുതായി ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മയിലെ LFHS വടകരയിലെ ഒരു മെമ്പറാണ് ഞാൻ.ഈ ക്ലബിൽ ചേർന്നതിനെ തുടർന്ന് എനിക്ക് ഐ.ടി മേഖലയെക്കുറിച്ച് കൂടുതലായി അറിയുവാൻ സാധിച്ചു. വൈവിധ്യമാർന്ന പരിശീലനപ്രവർത്തനങ്ങളിലൂടെ, സാങ്കേതികരംഗത്തെ,വിവിധമേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് അവസരം ലഭിച്ചു.

അതു കൂടാതെ തന്നെ ലിറ്റിൽ കൈറ്റ്സിന്റെ ഉപജില്ല ഐ.ടി ക്യാമ്പിൽ പങ്കെടുക്കുവാനും ,Scratch & MITApp Inventor എന്നിവയെക്കുറിച്ച് കൂടുതൽ അറിയുവാനും അതിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുവാനും എനിക്ക് സാധിച്ചു. ഇതിന്റെയെല്ലാം ഫലമായി ഈ വർഷത്തെ ഐ.ടി മേളയിൽ സംസ്ഥാനതലം വരെ മത്സരിക്കാൻ സാധിച്ചതും ലിറ്റിൽ കൈറ്റ്സ് എന്ന സംഘടനയിലൂടെയാണ് ,എന്ന് ഞാൻ അഭിമാനപൂർവ്വം പറയട്ടെ . ആധുനിക സാങ്കേതിക വിദ്യയെപ്പറ്റി നിരവധി കാര്യങ്ങൾ എനിക്ക് മനസ്സിലാക്കുവാൻ സാധിച്ചു. ഇതിലൂടെ എനിക്ക് ഒരു മൊബൈൽ ആപ്പും ഗെയിമും എങ്ങനെ ഉണ്ടാക്കാൻ കഴിയുമെന്ന് പഠിച്ചു.ഐ.ടി മേഖലയിലുള്ള എന്റെ ആത്മവിശ്വാസം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു.




# കവിതാശകലങ്ങളിലൂടെ



## ചേറ്റിലെ താമര



അഭിജിത്ത് ഇ ആർ , 9B
ലിറ്റിൽ കൈറ്റ്സ് മെമ്പർ

ചേറിൽ നിൽക്കും ചെന്താമരയുടെ
ചന്തമെഴുന്നൊരു പൂ കണ്ടോ!
ചേറിനുള്ളിൽ പൂത്തെന്നാകിലും
മെത്രവിശുദ്ധം പൂമേനി–
എവിടെ ജനിച്ചുവളെർന്നെന്നാകിലും
കളങ്കമറ്റവരാവുക നാം!




## സ്മാർട്ട് ഫോൺ



*അഭിരാം റെജി,9A*
*ലിറ്റിൽ കൈറ്റ്സ് മെമ്പർ*

സ്മാർട്ടായൊരു ഫോണുണ്ട്
സ്മാർട്ട് ഫോണെന്നാണതിൻ പേര്
ആപ്പുകൾ ,ഗെയിമുകൾ സർവ്വത്ര
ടച്ച് സ്ക്രീനിൽ തെളിയുന്നു

വാട്സാപ്പും,ഫേസ്ബുക്കും
യൂട്യൂബും,ട്വിറ്ററും
ഇൻസ്റ്റാഗ്രാമും,ഷെയർച്ചാറ്റും
മെസഞ്ചറും, ടിക്ക്ടോക്കും
പബ്ജിയും ,ഫ്രിഭയറും, ഗെയിമുകൾ അങ്ങനെ സർവ്വത്ര
ലോകം തന്നെ വിരൽതുമ്പിൽ
എത്തിക്കുന്ന വേഗത്തിൽ
പുതുതലമുറയുടെ കുട്ടികളെ
ഞൊടിയിടയിൽ വീഴ്ത്തുന്ന
മണ്ടൻമാരാം കുട്ടികളോ
അതിന്റെ പുറകെ പോകുന്ന
ഒടുവിൽ അവർ ചെന്നെത്തുന്ന
മരണത്തിന്റെ വക്കിൽ.





## പൂവ്

അലിൻ
റിബ ജ്ജോർജ് ൯ A
ലിറ്റിൽ കൈറ്റ്സ് മെമ്പർ

പൂക്കൾ അഴകാർന്ന പൂക്കൾ
പൂക്കൾ വർണ്ണങ്ങളാർന്ന പൂക്കൾ
പൂക്കൾ ഉഷസാർന്ന പൂക്കൾ
വണ്ടുകളെ ആകർഷിക്കും പൂക്കൾ
വണ്ടുകൾക്ക് തേൻ നുകരുന്ന പൂക്കൾ
വണ്ടുകൾ എന്നും പൂന്തോട്ടത്തിൽ
മഴയത്ത് വിടരും പൂക്കൾ
പൂക്കൾ എന്നും സുന്ദരം
ഞാൻ അവയെ എന്നും സ്നേഹിക്കും



## മരങ്ങൾ



അന്ന ജോബി,9A

ലിറ്റിൽ കൈറ്റ്സ് മെമ്പർ

അരുതെ അരുതെ ചങ്ങാതികളെ
ചെറുമരമൊന്നും വെട്ടരുതെ
പഴവും പൂക്കളും നമ്മൾക്കേകും
ചെറുമരമൊന്നും കളയരുതെ
ചെടികൾ വളർന്നു വലുതായാൽ
കിളികൾക്കെല്ലാം വീടാകും
പച്ചനിറഞ്ഞൊരു വനമെല്ലാം
വെട്ടി വെട്ടി കളയരുതെ.



# ഒരു കുട്ടിയുടെ ആത്മകവിത



എബിൻ ജെയിംസ്
ലിറ്റിൽകൈറ്റ് മെമ്പർ 9 B

ഞാൻ പാടിയ പാട്ടുകൾ കേട്ടിട്ട് എന്നെയും
നിങ്ങൾ ഓർക്കുകില്ലെ (2)
എന്റെ പാട്ടുകൾ കേട്ടിട്ട് എന്നെയും
നിങ്ങൾ ഓർക്കുകില്ലെ

തെക്കെ പടിഞ്ഞാറില്ലെ മാവിന്റെ കൊമ്പത്തു–
ങ്ങിക്കിടക്കുന്ന ന്റെമമ എ ഓർമ്മയുള്ളു (2)

താഴെ മറയുന്ന സൂര്യനെ പോലെ ചന്ദന
മുട്ടിയിൽ കത്തുന്നു ന്റെമ്മ

ആ രാത്രി നേഞ്ചിലെ കോണിലെ
കത്തുന്ന തീ കനൽപോലെ എന്നുള്ളിൽ

എന്റെമ്മയുടെ ഓർമ്മകൾ മാത്രം എൻ
നെഞ്ചിലെ കോണിലുണ്ട്
മേലെ പടിഞ്ഞാറെ സൂര്യൻ
താഴെ മറയുന്ന സൂര്യൻ
ഇന്നലെ ഇത്തറവട്ടിൽ തത്തികളിച്ചൊരു
വെൻ സൂര്യൻ തെല്ലതെക്കെപ്പുറത്തെ
മുറ്റത്ത് ആറടിമണ്ണിലുറങ്ങയല്ലേ

ഞാൻ പാടിയ പട്ടുകൾ കേട്ടിട്ട്
എന്നെയും നിങ്ങൾ ഓർക്കുകില്ലെ (2)
എന്റെ പാട്ടുകൾ കേട്ടിട്ട് എന്നെയും
നിങ്ങൾ ഓർക്കുകില്ലെ






## എന്റെ കലാലയം...

ഡാർളി തോമസ് (അധ്യാപിക)

മനസ്സിന്റെ മയിൽ പീലിക്കാവിൽ

സൂക്ഷിക്കുവാൻ ഒരായിരം ഓർമ്മകൾ

ഏക മായി ഞാൻ നടന്നു നിശബ്ദയുടെ ക്രൂട്ടു മാ യി

എന്റെ സൗഹൃദവും പ്രണയവും മൊട്ടിട വരാന്തകളിലൂടെ

ഗുരുശിഷ്യബന്ധത്തിന്റെ ഓർമ്മകൾ തങ്ങി നിൽക്കുന്ന എന്റെ

ക്ലാസ്സ് മുറികളിലൂടെ

കണിക്കൊന്ന തണൽ വിരിച്ചിരുന്ന കൽപ്പടവുകളിൽ കളി

പറഞ്ഞിരുന്ന നിമിഷങ്ങളിലൂടെ

ഓർമ്മകൾ ആണെനിക്ക് ഇനി എല്ലാം എൻ മനസ്സിൻ മയിൽ

പീലിക്കാവിൽ സൂക്ഷിച്ചു വയ്ക്കുവാനുള്ള ഓർമ്മകൾ

വാർദ്ധ്യകത്തിന്റെ കുപ്പായം മനസ്സ് അണിയുമ്പോൾ നിഴലിനെ

സാക്ഷിയാക്കി ഓർമ്മകളുടെ കൂട്ടുമായി ഒരിക്കൽ കൂടി നടക്കണം

എനിക്കീ വരാന്തയിലൂടെ .......



# പുഴ



***ബെനിൻ ജോബ് 9A***
***ലിറ്റിൽ കൈറ്റ്സ് മെമ്പർ***

കേൾക്കുക നിങ്ങൾ പുഴയുടെ കഥ
മാലിന്യങ്ങൾ നിറയുന്നു
മത്സ്യമെല്ലാം ചാവുന്നു
പുഴയെല്ലാം നശിക്കുന്നു
ജനങ്ങളെല്ലാം വലയുന്നു
നമ്മളൊക്കെയല്ലെ പുഴയുടെ സംരക്ഷകർ
അതിനാൽ നമുക്ക് കൈകോർക്കാം
പുഴയെ സംരക്ഷിക്കാനായി
പുഴയാണ് നമ്മുടെ ജീവൻ
അതുകൊണ്ടതിനെ സംരക്ഷിക്കാം
മാലിന്യങ്ങൾ വീഴ്ത്താതെ



## മഴ



അന്ന മരിയ സിറിയക്ക്,9A
ലിറ്റിൽ കൈറ്റ്സ് മെമ്പർ

മഴക്കാലം എനിക്കായ്

തൂമഞ്ഞായി പെയ്യുന്നു

അതിരാവിൽ മഞ്ഞുതുള്ളിയായി പെയ്യുന്നു

തൂവൽ പൊഴിക്കും പവിഴ മഴ

വർണ്ണങ്ങൾ പൊഴക്കും വർണ്ണ മഴ

ചൂടിനെ അകറ്റും മുത്തു മഴ

പുതുവർഷം പുതുവായി പെയ്യും മഴ

പുതുവർഷം കുളിരായി പെയ്യും മഴ

മഴ പെയ്യുന്നു മഴ എന്നെന്നും.



# എന്റെ വിദ്യാലയം



ആൻ മരിയ ഷിന്റോ , 9 A
ലിറ്റിൽ കൈറ്റ്സ് മെമ്പർ

അറിവുതരും സ്നേഹം തരും
എന്റെ കൊച്ചുവിദ്യാലയം.

നല്ല സൗഹൃദം നകരും
എന്റെ കൊച്ചുവിദ്യാലയം
കളിയും ചിരിയും നിറഞ്ഞ
എന്റെ കൊച്ചുവിദ്യാലയം.
അറിവുതരും അദ്ധ്യാപകർ
സ്നേഹം തരും സുഹൃത്തുക്കൾ
എല്ലാം തരും കൊച്ചുവിദ്യാലയം.
മാമ്പൂമണമുള്ളെൻ
കൊച്ചുവിദ്യാലയം.
ജീവിതം തൻ
പാഠം നകർന്നതരും
എൻ കൊച്ചുവിദ്യാലയം.
പിണക്കവും ഇണക്കവുംചേർന്ന്
ഒഴുകുന്ന പുഴയാണെൻ
കൊച്ചുവിദ്യാലയം.
മരണംവരെൻ ജീവനിൽ
അലിയും ആത്മാവാണെൻ
കൊച്ചുവിദ്യാലയം.
അറിവുതരും സ്നേഹംതരും
എന്റെ കൊച്ചുവിദ്യാലയം,എന്റെ കൊച്ചുവിദ്യാലയം.



# കുഞ്ഞിക്കിളി



മഹാലക്ഷ്മി സജീവ് (s t d . 5B)

എൻ അരികേ നീ വരികയില്ലേ ചെല്ലക്കിളിയേ
അന്നൊരു നാൾ
നിന്നെ ഞാൻ കണ്ടപ്പോൾ

നീ എത്ര സുന്ദരിയായിരുന്നു
ഇന്ന് മാവിൻ ചില്ലയിൽ നിന്ന്
നിന്റെ തേങ്ങലുകൾ
കേൾക്കുന്നതെന്തേ?
മഴവിൽ നിറങ്ങൾ

ചാലിച്ചെഴുതിയ
നിന്റെ കണ്ണുകൾ
നിറഞ്ഞതെന്തേ?
ആകാശനീലയും
പ്രകൃതിതൻ പച്ചയും
നിറങ്ങൾ ചൂടി
തലയിൽ ചുഞ്ഞിക്കിരീടവുമായ്
നിന്റെ സുന്ദര നടനം കാണാൻ
ഞാനെന്നുമെന്നും കാത്തിരിപ്പൂ.



# നല്ല കൂട്ടുകാർ



ഡോണൽ ഷിബു

9 A , ലിറ്റിൽ കൈറ്റ്സ് മെമ്പർ

ഒരുമിച്ച കൈകോർത്തിരുന്ന
ഇണക്കവും പിണക്കവും വന്നുവെന്നങ്കിലും
പിരിയാതെ കൈകോർത്തുനിന്ന
അന്യരാണെങ്കിലും ഒരമ്മ മക്കൾപോൽ
വിദ്യാലയത്തിലെ  അങ്കണത്തിണ്ണയിൽ
സ്നേഹം പകർന്നു നടന്നു
സങ്കടവേളയിൽ സാന്ത്വനത്തണലായി
ചാരത്തു വരുമെൻ കൂട്ടുക്കാരാൻ

# കുട്ടിനെത്തും മാലാഖ





ഹെലൻ മരിയ മനോജ് VI B

ഈശോയെ എന്നും സ്നേഹിക്കാൻ
നന്മകൾ മാത്രം ചെയ്തീടാൻ
സോദരർക്കായെന്നും സ്നേഹമേകാൻ
എന്നെ തുണച്ചീടും കൂട്ടുകാരൻ
എന്നുടെ സ്വന്തം മാലാഖ
എന്നെ കാക്കുന്ന മാലാഖ
തിന്മയിൽനിന്നെന്നെ കാത്തീടും
ആപത്തിലെന്നും കൂട്ടുവരും
കുഞ്ഞിച്ചിറകുകൾ വീശിവീശി
കൂടെ നടക്കും മാലാഖ



# തവളച്ചാട്ടം



ജെഫിൻ സെബാസ്റ്റിൻ,9B
ലിറ്റിൽ കൈറ്റ്സ് മെമ്പർ

തുമ്പിക്കക്ഷരമാല പഠിക്കാൻ
തവളച്ചാര് സഹായിച്ചു ,
ബെഞ്ചിൽ നിന്നൊരു ചാട്ടം ചാടി
'റ 'എന്നെളുതിക്കാണിച്ചു.
'റ 'യിൽ നിന്നും ചാടീ തവള
'ന'എന്നെഴുതിക്കാണിച്ചു.
'ന' യിൽനിന്നോരു ചാട്ടത്താലേ
'ന്ന'യും  തവള പഠിപ്പിച്ചു.
'റ' യും 'ന' യും 'ന്ന' യും മാത്രം
തവളച്ചാരു പഠിപ്പിച്ചു!
'ത,ഗ,ര,ട' യെല്ലാം തനിയേ തുമ്പി
പഠിച്ചു,പറന്നതു കാണിച്ചു!



# നോവിന്റെ പ്രണയം



*ജിതിൻ ജോയി*
*ലിറ്റിൽ കൈറ്റ്സ് മെമ്പർ*

**മുറ്റത്തു നീ തീർത്ത നീർച്ചാലിൽ**
**കടലാസുതോണിയേറിയെൻ ബാല്യം**
**വർണ്ണക്കുടയുമായ് എൻ കൗമാരത്തിന്**
**കൂട്ടുവന്നൊരെൻ പ്രിയ പ്രണയം**

ഇന്നലെയിലെ എന്റെ ഏകാന്തമാം
അലസതയ്ക്ക് കൂട്ടായൊരെൻ പ്രണയമേ

ഭയമാണെനിക്കിന്നു നിന്നെ
എന്റെ കുഞ്ഞിന്റെ പുസ്തകത്താളും
ബാക്കി തന്നില്ലേ നീ
കൂടപ്പിറപ്പിന്റെ ജീവനും ജീവിതവും

കവർന്നതു നീയോ എൻ പ്രണയമേ
കവിഞ്ഞൊരാ പുഴയിന്നെൻ
ഇടനെഞ്ചിൽ കണ്ണീരായ് ഒഴുകുന്നു
എങ്കിലും എന്തിനെന്നറിയാതെ ഇപ്പോഴും
പ്രണയിക്കുന്നു ഞാൻ നിന്നെ
മഴയേ എൻ പ്രിയ പ്രണയമേ



# നിർവചനം



ആഷ്ന സുനിൽ 9A

നിന്നോടെനിക്കുള്ളതെന്താണ് ?
കേവലം സ്വാർത്ഥമായ പ്രണയമോ ? അല്ല
ഹൃദയം തരുന്ന സൗഹാർദമോ ?
തേങ്ങലുകൾ പോലും അറിയുന്ന സാഹോദര്യമോ ?
'ചേച്ചി' എന്നു നീ വിളിക്കുമ്പോഴും
തുടിക്കുന്നെതെന്നിൽ മാതൃത്വം
നിന്റെ സ്നേഹത്തണലിൽ കുഞ്ഞാണു ഞാൻ
ആത്മാവാൽ തിരിതെളിയിക്കുന്ന ഗുരുവാണു നീ
ഊർജ്ജം തരുന്നൊരു സൂര്യനോ?
ജീവൻ തരുന്നൊരു ശ്വാസവായുവോ ?



# മൺപാത്രങ്ങൾ



മീഖ ജോബി 9 B
ലിറ്റിൽ കൈറ്റ്സ് മെമ്പർ

ശൂന്യമാം രണ്ടു മൺപാത്രങ്ങളായി നമ്മൾ
അന്യോന്യം ഇങ്ങനെ നോക്കിയിരിക്കുന്നു
എത്രനാളായി ഈ കുശവകുടിയുടെ
മുറ്റത്തടുത്തടുത്തായ് ഇരിക്കുന്നു നാം
തട്ടിയും മുട്ടിയും നമ്മളിരിക്കുന്നു
തൊട്ടുതൊട്ടില്ലെന്ന മട്ടിലിരിക്കുന്നു
കണ്ടു മതിവരാതെന്നപോലിങ്ങനെ
രണ്ടു മൺപാത്രങ്ങൾ നോക്കിയിരിക്കുന്നു

# അമ്മയും കുഞ്ഞും





ജോഷ്വ സാജു 9 C
ലിറ്റിൽ കൈറ്റ്സ് മെമ്പർ

മിന്നുന്നതെന്തമ്മേ മേലെ
കൊച്ചുമിന്നാമിനുങ്ങുകൾ പോലെ
താരങ്ങളാണവയെല്ലാം
പകൽനേരത്ത് കാണില്ല ചൊല്ലാം
ക്രൂരിരുട്ടല്ലയൊ  ചുറ്റും

പേടി താരങ്ങൾക്കില്ലയോ  ചെറ്റും
ഓമലിനമ്മ ഞാൻക്രൂടെ  വന്നാൽ
ഓമനക്കില്ലലോ പേടി
നക്ഷത്രങ്ങൾക്കമ്മയെല്ലാം
രാത്രിരക്ഷക്ക് ക്രൂടെയുണ്ടല്ലോ
നന്നായിരക്ഷിച്ചു പോരും
അമ്മക്കെന്നും ഞാൻ മംഗളംനേരും

# എന്റെ കൂട്ടുകാരി





നയന ജോൺ 9 B
ലിറ്റിൽ കൈറ്റ്സ് മെമ്പർ

പണ്ടൊരു നാളിൽ എന്റെ സ്കൂളിൽ
എട്ടിൽ പഠിക്കുന്ന നേരത്ത്
അക്ഷരത്തിന്റെ പടികൾ
എണ്ണികളിക്കുന്ന നേരത്ത്
സ്നേഹത്തോടെത്തിയ കൂട്ടുകാരി
എന്നിലെ വിദ്യയെ കണ്ടെത്തി
സ്നേഹത്തോടേകിയ പുസ്തകങ്ങൾ
വായനയാലെന്നുള്ളിലെത്തി
അതെൻ ജീവിതം ആകെ മാറ്റി
എങ്ങനെങ്ങനെയോ ഞാൻ മുന്നിലേത്തി
അധ്യാപകരുടെ സ്നേഹവായ്പ്
എന്നിലെ ഡോക്ടറെ കണ്ടെത്തി




## മാതൃഭാഷ



റിഞ്ചു കുര്യാക്കോസ് ,6 B

കിളിപ്പാട്ടിനാൽ ഉതിരും
പ്രിയകാവ്യമേ നിൻ
മാതകഭംഗി ഞാൻ
വിളിച്ചോതുന്നു
അദ്വൈതമാം ധര
യിൽ ചന്ദനമൊഴിയായി
അലിയാതെ നിൻ ശ്രേഷ്ഠഭാവം
ഇന്നിൻ കേരനാട്ടിൽ
തൃതീയതേജസ്സായി

വിതറിടുന്നു
സവിതാവിൻ സുന്ദര
കാണ്ഡത്തിൽ ജ്വലിക്കും
കിരണപ്രഭയായി
ഭാരതമണ്ണിൽ ഗൃഹ

തുരുത്വമാർന്ന മറ്റ് ഭാഷ
യേക്കാൾ നീ എത്ര ശ്രേഷ്ഠം
എഴുത്തച്ഛൻ തൻ കയ്യൊപ്പിനാൽ
ഉതിരും പ്രിയ മലയാളമേ
അക്ഷരശ്ളോകപൂർവ്വകം നിൻ മലയാളം
പച്ചപരവതാനി വിരിച്ച നിൻ പാട
വരമ്പിൽ പാദംപോൽ
വിരിയും ഇന്നും നിന്നുടെ മഹത്വം
എന്നും നിന്നുടെ മഹത്വപൂർണ്ണമാം
മഹനീയ ശോഭഅക്ഷിയിലെന്നും
രക്ഷയായി ഭവിക്കട്ടെ,
ശ്രേഷ്ഠഭാവം നിൻ ശുദ്ധമാം
മാനസത്തിൽ കുതിച്ചുയരട്ടെ




# നിയമവും സത്യവും



മേരി ഒലീവിയ ജോർജ് 9 A

തൻ വിധിയെന്തെന്ന് അറിഞ്ഞവനാരോ
അവൻ നന്മയാം ദൈവത്തെ അറിഞ്ഞിരുന്നു
അന്യനെ വിധിക്കാതെ ദൈവത്തിലാശ്രയിച്ച
ദൈവത്തെ തിരിച്ചറിഞ്ഞവനാരോ

അവൻ ദൈവഹിതം നിറവേറ്റുന്നു.
ദൈവഹിതം നിറവേറ്റുന്നവനാരോ
അവൻ ജീവന്റെ ഇടുങ്ങിയ വാതിൽ
കണ്ടെത്തുന്നു.

പ്രാർത്ഥനയിൽ ഇടം കണ്ടെത്തുന്ന
വനാരോ അവൻ അതിൻ ശക്തി തിരിച്ചറിയുന്നു

പ്രാർത്ഥനതൻ ശകതി തിരിച്ചറിഞ്ഞവൻ
നല്ല ഫലം കായ്ക്കും തണലാകുന്നു.
ഇതുതനെ ദൈവം കൽപ്പിച്ച നിയമവും
ഇതുതന്നെ നാം തേടുന്ന സത്യവും

# മർത്യനെവിടെ?



സി.ലീനാ അങ്ങാടിയാത്ത്
(അധ്യാപിക)

വിശ്വത്തിൽ ഇരുളിനെ
അറ്റും ദിവ്യജ്യോതിസ്
മനസ്സിൽ കുടികൊള്ളും
അറിവിൻ വെളിച്ചമായ്
വിദ്യയ്ക്കായ് ദാഹിക്കുന്ന
കുരുന്നിൻ നാവിൻതുമ്പിൽ
ഹരിശ്രീകുറിക്കുമ്പോൾ
ഇരുളിൻ മറനീങ്ങും
മാർത്താണ്ഡൻ ഉദിക്കുമ്പോൾ
ഇരുൾപോയ് മറയുപോൽ
അന്ധത നീങ്ങിപോയി
പുതുമ ദർശിക്കേണ്ടോർ
അറിവിൻ ലോകത്തായ്
എന്നൊരു ഭാവംവന്നാൽ
എന്തിനും മടിക്കാത്ത

മർത്യരെയല്ലോ കാണ്മൂ!
എങ്ങുപോയ് സത്യലോകം?
എങ്ങുപോയ് മർത്യലോകം?
നേരുള്ള ലോകത്തിന്ന്
നിൽക്കുവാൻ വയ്യെന്നായൊ?
നേരിന്റെ വഴിവിട്ട്
നേട്ടോട്ടമോടുന്നോരെ
നിങ്ങൾതൻ പൂർവികരെ
കൺതുറന്നൊന്നുനോക്കു
അവർതൻസിരകളിൽ
ഒഴുകും രക്തമതിൽ
അലിഞ്ഞു ചേർന്നിരുന്ന
നേരിന്റെ ജീവകണം
ഒന്നിനും കുറവില്ല
ഒന്നുമേ ചോദിക്കേണ
എപ്പോഴും എവിടെയും
കാണ്മതോ സ്വാർത്ഥതയും
സ്വന്തമായ് കരുതേണ്ടോർ
അന്യർക്കായ് ജീവിക്കേണ്ടോർ
തങ്ങളിൽ തമ്മിത്തല്ലി
നശിക്കും കാഴ്ചയഹോ!
തീതുപ്പും ശകടത്തിൽ

പായുന്ന മർത്യലോകം
സുഖത്തിന്നിടം തേടി

എത്തുന്ന ശൂന്യതയിൽ
എന്നിലേക്കെത്തിനോക്കും
നേരത്തായ് കാണ്മൂഞാനും
എന്തൊരു മറിമായം

എന്തിലെ ഞാനോയിത് ?
പോകേണ്ടവഴിതന്നിൽ
നിന്നു ഞാൻ മാറിപോയി
പോകേണമെനിക്കെന്റെ
സത്യത്തെ പുൽകിടുവാൻ.



# സുന്ദര പ്രകൃതി



ആൻ മരിയ സണ്ണി, 9B
ലിറ്റിൽ കൈറ്റ്സ് മെമ്പർ

എത്ര സുന്ദരമാണീ പ്രകൃതി!
ഹാ! എത്ര മോഹനമീ പ്രപഞ്ചം.
പ്രപഞ്ചവസ്തുക്കളോരോന്നുമെന്നും, ഈ
ലോകഗോളത്തെ പുതുക്കിടുന്നു.

പ്രാപഞ്ചികജ്ജീവിതം  ഏകുന്നുവെന്നും,
വൈവിധ്യമേറുന്ന അനുഭൂതികൾ.
ചാരുതയേറുമീ ഭൂലോകഗോളം,
സമ്പന്നമെത്രയോ പ്രപഞ്ചവസ്തുക്കളാൽ.

സുന്ദരപുഷ്പങ്ങൾ തന്നുടെ ചുറ്റും,
നൃത്തമാടും തേനീച്ചകളും പൂമ്പാറ്റകളും,
തളിർത്ത തരുക്കളെ തഴുകീടുന്ന,
മന്ദമാരുതനും പൂഞ്ചോലകളും.

മാനുഷന്മാരോ തൻകാര്യം നോക്കി,
പ്രകൃതി തൻ ഭംഗി വിസ്മരിക്കുന്നു.
പ്രകൃതിയെ നശിപ്പിച്ചുകൊണ്ടവർ,
വരുത്തുന്നു തങ്ങളുടെ ജീവിതനാശം.



# ചിന്താശകലങ്ങളിലൂടെ





## പ്രേഷിതപുഷ്പം

***സ്കൂൾ മദ്ധ്യസ്ഥയായ
വി. കൊച്ചുത്രേസ്യായുടെ
ജീവിതത്തിലൂടെ.................***

സി. ലിൻസി ഒഴുകയിൽ
(അദ്ധ്യാപിക )

മന്നിലെ ജീവിതം മുഴുവൻ, സ്വർഗം നോക്കി നടന്ന ഒരു കൊച്ചുമാലാഖ............,സ്നേഹത്തിന്റ കുറുക്കുവഴിയിലൂചടെ നിത്യത്വത്തെ ലക്ഷ്യമാക്കി ഓടിയവൾ........... എന്റെ സ്വർഗ്ഗം ഭൂമിയിൽ അനുഗ്രഹത്തിന്റെ റോസപ്പൂക്കൾ വർഷിക്കുന്നതിന് ചിലവഴിക്കുമെന്ന് പറഞ്ഞവൾ.....24 വർഷം മാത്രം ഈ ലോകസാഗരത്തിലൂടെ നീങ്ങിയ കൊച്ചുനൗക....... അവളാണ് ''വി. ചെറുപുഷ്പം.”

മനോഹരങ്ങളായ പലതും ഈ ഭുവിൽ ദർശിച്ചു. എന്നാൽ അവളുടെ ചിന്തകൾ ഈ ഉദ്യാനത്തിൽ നിന്നും സ്വർഗത്തിന്റെ മനോഹരദൃശ്യങ്ങളിലേക്ക് ഉയർന്നു പറന്നു. ലോകത്തിന്റെ സുന്ദരതമങ്ങളായ സൃഷ്ടികളിലൊന്നും ആ ഹൃദയം ഉടക്കിയില്ല.

സഹനങ്ങളുടെ മുമ്പിൽ ഒരാശ്വാസം അവൾ കണ്ടെത്തി. ഉണ്ണീശോയ്ക്ക് കളിക്കുവാനുള്ള ഒരു പന്തുമാത്രമാണ് താൻ. ഈകളിപ്പാട്ടം തല്ലി ഉടയ്ക്കുവാനാണ് നല്ല ദൈവം ഇഷ്ടപ്പെടുന്നതെങ്കിൽ അങ്ങനെയാവട്ടെ. ഈ ഭൂമിയിൽ ക്ളേശങ്ങളല്ലാതെ മറ്റു യാതൊന്നും ആഗ്രഹിക്കേണ്ട തായിട്ടില്ല. നിത്യത അതിലേക്ക് കുതിച്ചുചാടുവാൻ ആവേശം കൊള്ളുന്ന ഒരു ജീവിതമായിരുന്നു ചെറുപുഷ്പത്തിന്റേത്

ജീവിതമാകുന്ന രാത്രി ഒരിക്കൽ മാത്രമേ നമ്മളെ സമാവരണം ചെയ്യുകയുള്ളൂ. ആ രാത്രിയിൽ ഒരൊറ്റകാര്യം മാത്രമേ ചെയ്യേണ്ടതുള്ളൂ. "ഈശോയെ നമ്മുടെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുക അവിടുന്ന് സ്നേഹിക്കപ്പെടുന്നതിനായി, അവിടുത്തേയ്ക്കായി ആത്മാക്കളെ നേടുക." സ്വഹൃദത്തെ ഈശോയ്ക്ക് വിശ്രമിക്കുവാൻ പറ്റിയ ആനന്ദസംദായകമായ ഒരു കൊച്ചുപൂവാടിയാക്കി തീർത്ത വിശുദ്ധ ജീവിതമായിരുന്നു വി. കൊച്ചുത്രേസ്യായുടേത്.

ആധുനിക മാധ്യമസംസ്കാരങ്ങൾ ലോകത്തെ മാറ്റിമറിച്ച് നന്മയുടെ തിരിക്കെടുത്താൻ ശ്രമിക്കുന്ന ഇന്നിന്റെ മനസ്സിൽ നന്മയുടെ നൂറ് നൂറ് വിത്തുകൾപാകി വളർത്തുകയാണ് ചെറുപുഷ്പമിഷൻലീഗ് എന്ന പ്രേഷിതസംഘടന. ഈ സദ്ഘടനയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥയായി അനുഗ്രപൂക്കൾ വിതറിക്കൊണ്ടിരിക്കുന്ന ആ ധന്യജീവിതത്തിന്റെ അസാധാരണത്വം എന്താണ് സ്നേഹിച്ചും, പ്രാർത്ഥിച്ചും ഒരു ശിശുവിന്റെ നിഷ്കളങ്കതയോടെ ഒറ്റ ഓട്ടം ഓടി സ്വർലോകത്തിലെത്തി എന്നതാണ്. നവനവങ്ങളായ സുന്ദരവസ്തുക്കളിൽനിന്നും ഹൃദയമുയർത്തി ഈ മണ്ണിൽ സ്വർഗ്ഗത്തിലൂടെ നടന്ന പൊൻവിളക്കാണവൾ.

കുഞ്ഞുമിഷനറിമാരോട് അവൾ പറയുന്നു നമ്മൾ സമർപ്പിക്കുന്ന പ്രാർത്ഥനകളുടെയും, ത്യാഗങ്ങളുടെയും സേവനങ്ങളുടെയും ഏകോദ്ദേശ്യം സുവിശേഷപ്രേഷിതർക്ക് നാം പ്രേഷിതരാവുക എന്നുള്ളതാണ്. ഒരു പ്രാർത്ഥന, ഹൃദയത്തിൽനിന്നുള്ള ഒരു നെടുവീർപ്പ് - ആത്മാക്കളുടെ രക്ഷയ്ക്ക് അനുമതി.

മഞ്ഞണിഞ്ഞ ഒരുപാതിരാവിൽ നാൽക്കാലികളുടെ വാസസ്ഥലമായ കാലിത്തൊഴുത്തിൽ, ആട്ടിടയന്മാരെ തട്ടിയുണർത്തി മാലാഖ നൽകിയ സുവിശേഷവെളിച്ചം ലോകത്തിന് നൽകുന്ന വഴിവിളക്കുകളായി തെളിയാൻ നമുക്കും ആകട്ടെ. വി.ചെറുപുഷ്പത്തിന്റെ മാധ്യസ്ഥം തേടാം.



# കേരളത്തിലെ വിദ്യാഭ്യാസ മേഖല



അഭിജിത്ത് സജീവ്,9C
ലിറ്റിൽ കൈറ്റ്സ് മെമ്പർ

ലോകത്തിലെ വ്യത്യസ്തമുതലാളിത്തരാജ്യങ്ങൾക്കപ്പാടെ മാതൃകയാണ് കേരളത്തിലെ വിദ്യാഭ്യാസ മേഖല എന്ന് നാം ഒരിക്കൽ അഭിമാനം കൊണ്ടിരുന്നു. അനവധി സ്കൂളുകൾ, സർവകലാശാലകൾ, നൂറുശതമാനം സാക്ഷരത, ഉയർന്ന ജീവിത നിലവാരം ഇതെല്ലാം കേരളത്തിന്റെ മാത്രംസവിവശേഷതകളായികണക്കാക്കപ്പെട്ടിരുന്നു.നാമാർജ്ജിച്ചനേട്ടങ്ങളപ്പാടെ അപകടത്തിലാക്കത്തക്കവിധമുള്ള പ്രവണതകളാണ് ഇന്ന് ഈ രംഗത്ത് അതിവക്രൂക്ഷമായി ഉയർന്നു വരുന്നത്. വിദ്യാഭ്യാസരംഗം പുലർത്തിയിരുന്ന ഗുണകരമായ ഔതാര്യം ഇല്ലാതായിരുന്നു. പ്രാ

ശമിക വിദ്യാദ്യാസത്തിന്റെ സാർവത്രിക സ്വഭാവവും പ്രൊഫഷ ണൽ മേഖലയിലെ സാമൂഹിക നീ തിയി ലധിഷ്ഠിതമായ രീതിയു മെല്ലാം പതുക്കെ പതുക്കെ നമ്മോട് വിടപറഞ്ഞുകൊണ്ടി രിക്കുന്നു മറ്റേതുരംഗമെന്നപോലെ വിദ്യാദ്യാസരംഗവും പണപ്രനതാപല ത്തിൽ, ഇന്ന് കരിഞ്ചന്തവൽക്കരണ വേദിയായിമാറ്റിയിരിക്കുന്നു.

കേരളത്തിലെ വിദ്യാദ്യാസമേഖലയിൽ

സ്വകാര്യരംഗത്തിന്റെ സേവനം സ്ഥിരബുദ്ധിയുള്ളവരാരും ചോദ്യം ചെയ്യില്ല. ഈ രംഗത്തെ അതുല്യമായ നേട്ടങ്ങളിൽ സ്വകാര്യമാ നേജ്മെന്റിന്റെ സംഭാവന വളരെ വലുതാണ്. ഡോ. എസ് രാധാകൃഷ്ണൻ വിദ്യാദ്യാസരംഗത്ത് അനുവർത്തിക്കേണ്ട നയം എന്താണെന്ന് വിശ ദീകരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു."



# കേരളത്തിലെ വെള്ളപ്പൊക്കം



ഐശ്വര്യ ബിജു 9A
ലിറ്റിൽകൈറ്റ്സ് മെമ്പർ

കഴിഞ്ഞ കുറച്ചു മാസങ്ങൾക്കു മുൻപ് തെക്കുപടിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ മഴപെയ്തതിന്റെ ഫലമായിട്ടാണ് രണ്ടായിരത്തിപ്പതിനെട്ടിലെ കേരളത്തിലെ വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്.അതിശക്തമായ മഴയെത്തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിലെ ജലനിരപ്പ് ക്രമാതീതമായിഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നുവിട്ടത് വെള്ളപ്പൊക്കത്തിന്റ ആഘാതം വർദ്ധിപ്പിച്ചു. മനുഷ്യൻ പ്രകൃതിയോട് ചെയ്ത ക്രൂരതകൾക്ക് പ്രകൃതി തിരിച്ചൊരു ഫലം നൽകിയതാണ് ഈ ദുരന്തം. ചരിത്രത്തിലാദ്യമായിട്ടാണ് ഇത്രയും ഡാമുകൾ ഒരുമിച്ച് തുറന്നുവിടുന്നത്.ഇരുപത്തിയാറ് വർഷങ്ങൾക്കുശേഷമാണ് ചെറുതോണി അണക്കെട്ടിലെ അഞ്ചു ഷട്ടറുകൾ ഒരുമിച്ച് തുറന്നത്.ശക്തമായമഴയിൽ വയനാട്ജില്ല ഒറ്റപ്പെട്ടു. നദികൾ കരകവിഞ്ഞൊഴുകിയത് റോഡ്,റെയിൽവേ ഗതാഗത ശൃംഖലകളെ പ്രതികൂലമായി ബാധിച്ചു. തൊണ്ണൂറ്റിയൊൻപതിലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്ന ആയിരത്തിതൊള്ളായിരത്തിലെ പ്രളയത്തിനുശേഷം കേരളത്തിലുണ്ടായ ഏറ്റവും വലിയ പ്രളയമെന്നാണ് രണ്ടയിരത്തി പതിനെട്ടിലെ വെള്ളപ്പൊക്കത്തെ വിശേഷിപ്പിച്ചിരിക്കുന്നത്.ജനങ്ങൾ സ്വന്തം കുടുംബം വിട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിക്കേണ്ടി അവസ്ഥയുണ്ടായി. നമ്മൾ മനസ്സുവച്ചിരുന്നെങ്കിൽ ഈ കൊടും പ്രളയത്തെ ഒഴിവാക്കാമായിരുന്നു.

ഈ കേരളത്തിൽ നമ്മളേവരും ഒട്ടും വില

കൽപ്പിക്കാത്തവരാണ് ഈ കൊടും പ്രളയത്തിൽ നമുക്ക് രക്ഷകരായി വന്നത്. അവർ മത്സ്യതൊഴിലാളികളായിരുന്നു. സ്വന്തമോ ബന്ധമോ നോക്കാതെ ഒരു വേർതിരിവും കാണിക്കാതെയാണ് അവർ ഈ കൊടും പ്രളയത്തിൽ അകപ്പെട്ട ജനങ്ങളെ രക്ഷിച്ചത്. സ്വന്തം സഹോദരിസഹോദരന്മാരാണെന്ന് മനസ്സിൽ ഉറപ്പിച്ച് അവർ രക്ഷിച്ചു. ഇതിലൂടെ മനുഷ്യർ മന സ്സിലാക്കേണ്ടിയിരിക്കുന്നു. എല്ലാ ജോലിക്കും അതിൻെറതായ മഹ ത്ത്വം ഉണ്ടെന്ന്,ഒരു മനുഷ്യനേയും നിസ്സാരരായിക്കാണരുതെന്നും നമ്മൾ തിരിച്ചറിയേണ്ടതാണ്. ഒരു പക്ഷേ ഈ ഒത്തുചേരലിനു വേണ്ടിയായിരിക്കാം ദൈവം ഇങ്ങനെയൊരു പ്രളയം നമുക്ക് തന്നത്. ഈ ചങ്ങല പൊട്ടാതിരിക്കാൻ നമുക്ക് ശ്രമിക്കാം .



# മാതൃഭാഷയിൽ നിന്നകലുന്ന

## പുതുതലമുറ



അൽക്ക മറിയം ജോർജ്
9A
ലിറ്റിൽ കൈറ്റസ് മെമ്പർ


ഇന്നത്തെ പുതു തലമുറയിൽ ഏററവും ശ്രദ്ധിക്കപ്പെടുന്ന ഒന്നാണ് ഭാഷാമാററം. മലയാളികൾ ആണെങ്കിൽ കൂടിയും മാതൃഭാഷ ഉപയോഗിക്കുന്നത് വളരെ കുറഞ്ഞിരിക്കുന്നു. നമ്മുടെ ഭക്ഷണത്തിൽ വിദേശ ഭക്ഷണത്തിന്റെ കടന്നുകയററം പോലെ ഇപ്പോൾ സംസാരത്തിലും ഇംഗ്ലീഷ് കലർന്നിരിക്കുകയാണ്.ക്ലാസ് മുറികളിലും ജോലി സ്ഥലങ്ങളിലും എന്തിന് സ്വന്തം വീട്ടുകളിൽ പോലും ഇംഗ്ലീഷ് കലർന്ന മലയാളമാണ് സംസാരിക്കുന്നത്.

സംസാരത്തിനും പൈതൃകത്തിനും സംഭവിക്കുന്ന മാററമാണ് ഇതിന്

മൂലകാരണമായി ചൂണ്ടികാണിക്കാവുന്നത് . മാതാപിതാക്കളിൽ നിന്നാണ് കുട്ടികൾ എല്ലാം കണ്ടും കേട്ടും പഠിക്കുന്നത്. മാതാപിതാക്കളുടെ സംസാരത്തിൽ വരുന്ന മാററം പതിയെ പതിയെ കുട്ടികളിലും സംഭവിക്കുന്നു.അല്ലാതെ ഈ ഭാഷാമാററം പെട്ടന്നൊരു രാത്രിയിൽ സംഭവിച്ചതല്ല. പുതിയ തലമുറയിലെ കുട്ടികളിൽവരുന്ന ഈ മാററത്തിൻെറ മുന്തിയ പങ്കും വഹിക്കുന്നത് മാതാ പിതാക്കളും അവരുടെ ജീവിതസാഹചര്യവുമാണ്.

ഭാഷാ എന്ന് പറയുന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ഒരാൾ ഏതു തരക്കാരനാണെന്ന് അറിയുവാനാണ് .കാരണം ഒരാളുടെ സ്വഭാവം എപ്രകാരമാണെന്ന് അയാളുടെ സംഭാഷണത്തിലൂടെ നമുക്ക് അറിയാൻ സാധിയ്ക്കും . മാന്യമായ ഭാഷണം ഒരാളുടെ ഏററവും നല്ലതും ബഹുമാനമർഹിക്കുന്നതുമായ ഒരു സ്വഭാവ രീതിയാണ് .

മലയാളം എന്ന ഭാഷ മറേറതു ഭാഷ പഠിക്കുന്നതിലും കഠിനവും , പറയാൻ സുഖകരവുമായഒരു ഭാഷയാണ് . എന്നാൽ മലയാളികളായ നമ്മൾക്ക് അതിന്റെ മൂല്യം തിരിച്ചറിയുവാൻ കഴിയുന്നില്ല എന്നതാണ് സത്യം.എന്നാൽ യുവ തലമുറയിൽ പെട്ടവർ വിശ്വസിക്കുന്നത് മറെറാന്നാണ്. ഇംഗ്ലീഷ് എന്നഭാഷ ഉപയോഗിക്കുന്നത് മൂലം തങ്ങളുടെ സമൂഹത്തിലെ വില കൂടുമെന്നാണ് അനരുടെ വിശ്വാസം.ഇന്നത്തെ പുതുതലമുറ നമ്മുടെ മാതൃഭാഷയിൽ നിന്നകലുകയാണ്.



# മനുഷ്യന്റെ ചെയ്തികളും മലിനമാകുന്ന പരിസ്ഥിതിയും



അൽന ജയമോൻ ,9C
ലിറ്റിൽ കൈറ്റ്സ് മെമ്പർ

നാം ചെയ്യുന്ന ചെയ്തികൾ നമുക്ക് തിരിച്ചടി നൽകുകയാണ്. നമ്മൾ നമുക്ക് താങ്ങും തണലും നൽകുന്ന പരിസ്ഥിതിയെ മലിനമാക്കി കൊണ്ടി രിക്കുകയാണ്.നമ്മൾ ചെയ്ത പരിസ്ഥിതിവിരുദ്ധ ചെയ്തികൾ നമുക്കു തന്ന പാഠമാണ്

2018–ൽ നാം

അനുഭവിച്ച  വെള്ളപ്പൊക്കം. ഈ അനുഭവം നാം മനസ്സിലാക്കി പരിസ്ഥിതിക്കുവേണ്ടി സത്പ്രവൃത്തികൾ ചെയ്യുക .

ജീവന്റെ നിലനിൽപ്പിന്  അത്യന്താപേഷിതമായ വസ്തുക്കളാണ് ഓക്സിജനും ജലവും . അതുതന്നെ നാം മലിനമാക്കുന്നു . ഓക്സിജന്റെ ഉറവിടങ്ങളായ മരങ്ങൾ വെട്ടിനശിപ്പിച്ചും ജലാശയങ്ങൾ നികത്തിയും നാം നമുക്കുതന്നെ ഭീഷണിയുത്തിർക്കുകയാണ് . സമ്പത്തിനും ആഡംബരത്തിനും വേണ്ടി നാം ക്രൂരനാകുന്നു

ഭൂമിയിൽ അനാവശ്യമായി വിഭവചൂഷണം നടത്തുമ്പോൾ വരും തലമുറയുടെ നിലനിൽപ്പിന് വേണ്ടി കൂടിയുള്ള വിഭവം നാം കാർന്നു തിന്നുന്നു .

വികസനങ്ങൾ നല്ലതാണ്.എന്നാൽ നമ്മൾ പരിസ്ഥിതിയെ കൊന്നുകൊണ്ടുള്ള ചെയ്തികൾ നമുക്കു തന്നെ വിനയാകും എന്നതു തീർച്ച അതിനാൽ പരിസ്ഥിതിയെ ചൂഷണം വ ചെയ്തുള്ള ചെയ്തികൾ കുറയ്ക്കുക.

പരിസ്ഥിതിയിലെ സർവചരാചരങ്ങളും ഉൾപ്പെടുന്ന ചങ്ങലയിലെ  ഒരു കണ്ണി മാത്രമാണ്  നമ്മൾ. നമ്മുടെ അനിയന്ത്രിതമായ ഇടപെടൽ പരിസ്ഥിതിയുടെ താളം തെറ്റുന്നതിന് കാരണമാകുന്നു. പല ജീവജാതികളും ഭൂമുഖത്തു നിന്നു തന്നെ കാണാതാകുന്നു. പരസ്പരാശ്രയത്തമാണ് നിലനിൽപ്പിന്റെ അടിസ്ഥാനം ആ തിരിച്ചറിവിലേക്ക് എത്താൻ ഇനിയും വൈകിക്കൂടാ .




## മാതാപിതാക്കളോടും

## അധ്യാപകരോടുമുള്ള മനോഭാവം



അഖിലാ വിനോദ്, 9 A

ഒരു വ്യക്തിയിൽ പക്വമായ പെരുമാറ്റ ശൈലി രൂപീകരിക്കപ്പെടുന്നത് അവൻെറ ഭവനത്തിൽ വെച്ചാണ്.ഒരു കുഞ്ഞ് ജനിക്കുമ്പോൾ മുതൽ അവൻ കണ്ടും കേട്ടും വളരുന്നത് അവൻെറ മാതാപിതാക്കളെയാണ്.മാതാപിതാക്കൾ നല്ല വ്യക്തിത്വത്തിനുടമയെങ്കിൽ അവരുടെ മക്കളും നല്ല വ്യക്തിത്വത്തിനുടമയാകും.ആയതിനാൽ നമ്മുടെ ഭവനങ്ങളിൽ വച്ചു തന്നെ നാം ഉത്തമമായ ആചാര മര്യാതകൾ പഠിക്കേണ്ടിയി

രിക്കുന്നു .

നാം എങ്ങനെ ജീവിക്കുന്നുവോ അതിനെ ആശ്രയി

ച്ചായിരിക്കും,നമ്മുടെ ഭവനത്തിലെ സന്തോഷം നിലനിൽക്കു ന്നത്.മാതാപിതാക്കളെ ദൈവതുല്യരായിക്കാണണം .അവരെ അനുസരിക്കുകയും സ്നേഹിക്കുകയും അവരുടെ ഉപദേശം നേടുകയും ചെയ്യണം.നിരവധി അനുഭവസമ്പത്തുകളുടെ ഉറവിട മാണ് നമ്മുടെ മാതാപിതാക്കൾ.അതുപോലെ വീട്ടിൽ നിന്നും പോകുമ്പോൾ എവിടേയ്ക്കാണ് പോകുന്നതെന്നും , എപ്പോൾ തിരി ച്ചുവരുമെന്നും മാതാപിതാക്കളോട് പറഞ്ഞിരിക്കണം .

നാം ഒരിക്കലും കലഹപ്രിയനോ സ്വർത്ഥനോ ആകാതി രിക്കാൻ ശ്രദ്ധിക്കണം.വീട്ടുജോലികളിൽ സഹായിക്കണം . പ്രായമായവർ വീട്ടിലുണ്ടെങ്കിൽ എല്ലാ ദിവസവും അന്യരോട് അൽപനേരം സംസാരിക്കുവാൻ സമയം കണ്ടെത്തണം . തന്നെ ആരും ശ്രദ്ധിക്കുന്നില്ലല്ലോ എന്നുള്ള ചിന്ത അവരിൽ നിന്നും മാ റ്റുവാൻ ഇതുവഴി സാധിക്കും .

ജീവിത വിജയത്തിനുള്ള പരിശീലനകളരിയാണ് വി ദ്യാലയം.വിദ്യ മാത്രമല്ല, നല്ല ജീവിതത്തിനുള്ള വിദ്യയും വിദ്യാല യത്തിൽ നിന്ന് നമുക്ക് ലഭിക്കുന്നു.സമയനിഷ്ഠ,കൃത്യനിഷ്ഠ, അച്ചട ക്കം തുടങ്ങിയവ നാം അവിടെ നിന്നും സ്വായത്തമാക്കുന്നു .വി ദ്യാലയത്തിൽ നമുക്ക് ഒരു സൽപേര് ഉണ്ടായിരിക്കണം. എ ല്ലാവരോടും വിനയത്തോടെ പെരുമാറണം.നമ്മുടെ പ്രവ ർ ത്തി ക ളിൽ ശാന്തത ഉണ്ടാവണം .

അദ്ധ്യാപകൻ ക്ലാസ്മുറിയുടെ വാതിൽക്കൽ എത്തുമ്പോൾ

എഴുന്നേൽക്കണം.ഇരിക്കുവാൻ പറയുന്നതു വരെ നിൽക്കണം. ക്ലാസ് കഴിഞ്ഞ് അദ്ധ്യാപകൻ പോകുമ്പോൾ എഴുന്നേറ്റ് നിന്ന് ആദരവ് പ്രകടിപ്പിക്കണം.ക്ലാസ് കഴിഞ്ഞ് അദ്ധ്യാപകൻ പോകുമ്പോൾ എഴുന്നേറ്റ് നിന്ന് ആദരവ് പ്രകടിപ്പിക്കണം. ഉചിതമായ ചോദ്യങ്ങൾ ചോദിച്ച് സംശയ നിവാരണം നടത്താവുന്നതാണ്.പാഠപുസ്തകങ്ങളും ബുക്കുകളും പൊതിഞ്ഞ് വൃത്തിയായി സൂക്ഷിക്കുക.

വ്യായാമത്തിനും വിനോദത്തിനും ഉപകരിക്കുന്ന കളികളിലും കായികപ്രവർത്തനങ്ങളിലും പങ്കെടുക്കണം.തോൽവിയിൽ വിഷമമോ,വിജയത്തിൽ അഹങ്കാരമോ തോന്നിക്കൂടാ.വിജയിക്കുന്ന വരെ അഭിനന്ദിക്കുവാൻ മറക്കരുത്.തോൽക്കുന്നവരെ പരിഹസിക്കരുത്.വിജയകരമായ ജീവിതക്രമത്തിന് ഉതകുന്ന എല്ലാസിദ്ധികളും കളിയിൽ നിന്ന് കൈവരിക്കുവാൻ കഴിയും.

സത്യസന്ധത,ആത്മനിയന്ത്രണം,ഐക്യബോധം, സഹകരണ മനോഭാവം പ്രതിപക്ഷ ബഹുമാനം തുടങ്ങിയ ഗുണങ്ങൾ നമുക്ക് കളിയിൽ നിന്ന് ലഭിക്കും.കളി നല്ലതാണെങ്കിലും തിന്മയാക്കി തീർക്കരുത്.




# പഠനം ഒരു വിനോദമാക്കാം



*അമൃത ജയപ്രകാശ് 9,A*
ലിറ്റിൽ കൈറ്റ്സ് മെമ്പർ

ഓരോ കുട്ടികൾക്കും ഒരു വിനോദമുണ്ട് നമുക്ക് ആ വിനോദം പഠനമാക്കാം.ഓരോ വിഷയത്തിലും ഒരു എളുപ്പവഴിയുണ്ട് അത് നമുക്ക് കണ്ടെത്താം.ചിലപ്പോഴൊക്കെ നമ്മൾ പഠിക്കുന്നത് മറന്നു പോകുന്നു.അതിനുകാരണം നമ്മൾ പഠിച്ചത് നമ്മുടെ തലച്ചോറ് പൂർണ്ണമായും ഒരു വിനോദത്തോടെ ഉൾക്കൊള്ളുന്നില്ല.

നമ്മളൊരു സിനിമ കണ്ടാൽ ആ കഥയും അതിലെ നടനെയും നടിയെയും ഓർത്തിരിക്കുന്നു.

എന്തുകൊണ്ടാണ്?കാരണം ആ സിനിമയെ നമ്മുടെ തലച്ചോറ് പൂർണ്ണമായും ഉൾ കൊ ണ്ടി രി ക്കുന്നു.സിനിമ കാണുക എന്ന് പറയുന്നത് നമുക്കൊരു വിനോദമാണ്.അതുപോലെ തന്നെ പഠനവും നമ്മളൊരു വിനോദമാക്കിയാൽ ആ വിഷയം പഠിക്കുവാൻ എളുപ്പമായിരിക്കും. നമ്മുടെ തലച്ചോറ് അതിനെ പൂർണ്ണമായും ഉൾക്കൊള്ളുകയും ചെയ്യും .വളരെയേറെ താൽപര്യത്തോടെ അതിലേറെ ഉൽസാഹത്തോടെ നമുക്കൊന്ന് ഓർമിച്ച് നോക്കാം കൂട്ടുകാരെ.

നമ്മൾ ഓരോ വിഷയത്തേയും താൽപര്യത്തോടെയും എളുപ്പമാണെന്നും വിചാരിച്ച് പഠിച്ചാൽ ആ വിഷയം തീർച്ചയായും എളുപ്പമായിരിക്കും അതുപോലെ തന്നെ അതിൽ നിന്ന് നമുക്കൊരു വിനോദവും കിട്ടും.പക്ഷെ തിരിച്ച് അത് പാടാണെന്നു വിചാരിച്ച് പഠിച്ചാൽ അത് തീർച്ചയായും പാടായിരിക്കും.മാത്രമല്ല അത് നമ്മുടെ തലച്ചോറ് പൂർണ്ണമായും ഉള്ള കൊള്ളണമെന്നില്ല.അതിന് കാരണം നമുക്ക്.പഠനത്തിൽ നിന്ന് ഒരു വിനോദം കിട്ടുന്നല്ല.എല്ലാ വിഷയത്തേയും നമുക്ക് ഒരു വ്യനോദത്തോടെ പഠുക്കവാൻ സാധിച്ചാൽ അത് തീർച്ചയായും പഠിക്കുവാൻ എളുപ്പമായിരിക്കും.

ഇന്ന് പഠിപ്പിക്കുന്നത് ഇന്ന് തന്നെ മുഴുവനും പഠിച്ച് തീർക്കുവാൻ സാധിച്ചില്ലെങ്കിലും അത് ഒരു രണ്ട് തവണ വായിച്ച് നോക്കുക.എങ്കിൽ അത് കാണാതെ പഠിക്കുമ്പോൾ എളുപ്പമായിരക്കും മാത്രമല്ല അത് നമ്മുടെ തലച്ചോറ് ചെറുതായട്ടെങ്കിലും ഓർത്തിരിക്കുന്നുണ്ടാകും അതുകൊണ്ട് പെട്ടെന്ന് പഠിക്കുവാനും സാധിക്കും.പഠിക്കുന്നത് ഓർത്തിരിക്കണമെങ്കിൽ നമ്മൾ അത് ഒരു വിനോദത്തോടെ പഠിക്കണം അതിനു വേണ്ടി ഒരു എളുപ്പവഴി കണ്ടെത്തണം.ഓരോ വിഷയത്തിലെയും എളുപ്പ വഴി കണ്ടെത്തി പഠിക്കുക.എങ്കിൽ അത് തീർച്ചയായും പഠിക്കുവാൻ എളുപ്പമായിരിക്കും നമുക്ക് അതിൽ നിന്ന് ഒരുവിനോദവും കിട്ടും.നമുക്കെല്ലാവർക്കും ഒരുമിച്ച് ഒന്ന് ശ്രമിച്ചുനോക്കാം കൂട്ടുകാരെ.എല്ലാ ദിവസവും പഠിക്കുന്നത് പിറ്റേന്ന് ഒന്ന് വായിച്ച് നോക്കുക.എങ്കിൽ അത് നമ്മുടെ മനസ്സിൽ കൂടുതൽ ഉറച്ച് നിൽക്കുന്നു.പഠിക്കുക പഠിച്ച് വളരുക എന്ന വാചകം നമ്മുടെ വേദവാക്യം ആക്കുക.

നമ്മുടെ മാതാപിതാക്കൾ കഷ്ടപ്പെട്ട് ബുദ്ധിമുട്ടി അദ്ധ്വാനിച്ച് ഇല്ലാത്ത രൂപ ഉണ്ടാക്കി നമ്മളെ സ്കൂളിൽ വിടുന്നു.എന്നിട്ട് നമ്മൾ നന്നായിട്ട് ഉഴപ്പുന്നു.ഇതവർക്ക് നല്ല വിഷമമാകുന്നു.ഇതിന് പകരം നന്നായിട്ട് പഠിക്കുകയാണെന്കിൽ അവർക്ക് സന്തോഷവുമാകും മാത്രമല്ല അവർക്ക് അദ്ധ്വാനിക്കുവാൻ ഒരു ഉത്സാഹവും ലഭിക്കും.അവർ അദ്ധ്വാക്കുന്നതിന് പ്രതിബലമായി നന്നായി പഠിച്ച് ഒരു ജോലി വാങ്ങുക. മാതാപിതാക്കൾ ആഗ്രഹിക്കുന്നതുപോലുള്ള ഒരു ജോലി വാങ്ങുക.അവർക്ക് സാധിക്കാൻ അല്ലെന്കിൽ നേടാൻ കഴിയാത്ത ഒരു ആഗ്രഹമാണ് അവർ അവരുട കുട്ടികളിലൂടെ നേടാൻ ആഗ്രഹിക്കുന്നത്.ആ ആഗ്രഹം അവർക്ക് നേടി കൊടുക്കുക അവരെ സന്തോഷിപ്പിക്കുക.ഒപ്പം നമുക്കൊരു നല്ല ഭാവി കെട്ടിപ്പെടുക്കാം.പഠിക്കുക ഉള്ളിലുള്ള കഴിവ്

കണ്ടുപിടിക്കുക പുറത്ത് കൊണ്ടുവരുക.ലോകത്തെ അറിയിക്കുക.ഭാവിയിൽ പ്രശസ്തരാവുക.സ്വന്തം കഴിവിലൂടെ ലോകം അറിയട്ടെ.മാതാപിതാക്കൾ സന്തോഷിക്കട്ടെ,ഒപ്പം ഭാവി സുരക്ഷിതമാകട്ടെ. ഇതിനുവേണ്ടി പഠനം നമുക്ക് ഒരു വിനോദമാക്കാം  ഏറ്റവും ഇഷ്ടമുള്ള വിനോദം പഠനമാക്കാം.






# പുഞ്ചിരികൾ വിടർത്തുക




അലീന സ്കറിയ , 9 .A

അഞ്ചാം പിറന്നാൾദിനത്തിൽ ഗ്രേസ് എന്ന് പെൺകുട്ടിക്ക് വ്യത്യസ്തമായൊരു ആഗ്രഹം. പുഞ്ചിരി കാണാൻ എന്തെങ്കിലും ചെയ്യണം. അമ്മയോടൊപ്പം പോയി അവൾ നീളൻ തണ്ടുള്ള റോസാപ്പൂക്കൾ പതിനെട്ടെണ്ണം വാങ്ങി.ഒരു പുഞ്ചിരിക്കൊപ്പം ഓരോ റോസാപ്പൂക്കളും നൽകി. പ്രതീക്ഷച്ചതിനെക്കാൾ വലീയ പ്രതാകരണമാണ് ലഭിച്ചത്. വളരെ മോശമെന്നു തോന്നിയ ദിവസം അവൾ നിമിത്തം സന്തോഷകരമായെന്ന ഏഴുപേർ പറഞ്ഞു മൂന്നുപേർ ഒരു കരച്ചിലോടെ അവളെ ആലിഗനം ചെയ്തു. അതിലൊരു സ്ത്രീ  പത്തുമിനിറ്റോളം അവളെ കെട്ടിപ്പിടിച്ച കരഞ്ഞത്. അവൾ മക്കളെ മിസ്സ് ചെയ്യുന്ന ദിവസങ്ങളായിരുന്നു അത്.

ഒരു പാവപ്പെട്ട വൃദ്ധ പല്ലില്ലാത്ത മോണ കാട്ടിയുള്ള നല്ലൊരു ചിരി നൽകി . ഇന്നത്തെ കുട്ടികളിൽ അവർക്ക് നഷ്ടപ്പെട്ട വിശ്വസം വീണ്ടുകിട്ടിയെന്നു അവർ പറഞ്ഞു അവളുടെ അമ്മ

അവർക്ക് പത്ത് ഡോളർ നൽകിയപ്പോൾ തന്റെ കുടുബത്തിനുള്ള അത്താഴത്തിനുള്ള ഇറച്ചി വാങ്ങാൻ ഉപകരിക്കുമെന്ന സന്തോഷം അവർ പങ്കുവച്ചു . 2013–ൽ അമേരിക്കയിൽ നടന്ന ഈ കുഞ്ഞു കാര്യം വിടർത്തിയ പുഞ്ചിരികളും സന്തോഷവും എത്ര വലുതായിരുന്നു.




# ATTITUDE IS ALTITUDE



*ജിബിൻ ജോർജ്ജ് , 9B*
*ലിറ്റിൽ കൈറ്റ്സ് മെമ്പർ*

ഒരു മനുഷ്യ മനസ്സിന്റെ ആഴം തിരുമാനിക്കുന്നത് അയാളുടെ മനോഭാവമാണ് എന്നു പറയാറുണ്ട്. ഒരാളുടെ മനോഭാവത്തെ അടിസ്ഥാനമാക്കിയാണ് അയാൾ ലോകത്തെ വ്യാഖ്യാനിക്കുന്നത്, കേൾക്കുന്ന വാർത്തകളെ, കാണുന്ന ദൃശ്യങ്ങളെ, ചുറ്റും സംഭവിക്കുന്ന സംഭവ വികാസങ്ങളുള്ള തങ്ങളുടേതായ രീതിയിൽ അവതരിപ്പിച്ചെടുക്കുന്നതിന്റെ പ്രധാന കാരണം മനോഭാവം ആണ്. കാലഘട്ടത്തിന്റെ അതിപ്രസരം ഉള്ള ഈ യുഗത്തിൽ നല്ല

മനോഭാവത്തിന്റെയും വ്യക്തിത്വത്തിന്റെയും മാനുഷികതയുടെയും അവശ്യകത വളരെ പ്രസക്തമാണ്. നമുക്ക് ചുറ്റുമുള്ളവരെ നമ്മളായി കാണും, തെറ്റുകൾ ക്ഷമിക്കാനും, അഭിപ്രായ വിത്യാസങ്ങൾ ഉണ്ടാകുമ്പോൾ അവയെല്ലാം ആശയങ്ങളായി കാണാനും, അവ

മനസ്സിൽ കൊണ്ടു നടക്കാതെ നല്ല ഒരു മനോഭാവം കാത്തുസൂക്ഷിച്ചാൽ, ജീവിതത്തിലെ പ്രതിസന്ധി ഘട്ടങ്ങളും, വൈകാരിക നിമിഷങ്ങളും തരണം ചെയ്യാൻ നമുക്ക് എളുപ്പത്തിൽ സാധിക്കും. ആൽബർട്ട് ഐൻസ്റ്റീന്റെ വാക്കുകൾ ഇവിടെ വളരെയധികം പ്രസക്തമാണ്

"മനോഭാവത്തിലെ വൈകല്യങ്ങൾ സ്വഭാവങ്ങളിലെ വൈകല്യങ്ങളെ പ്രതിഫലിപ്പിക്കുന്നു".



# പ്രകൃതിയും മനുഷ്യനും



നിയ എസ് ,9 C
ലിറ്റിൽ കൈറ്റ്സ് മെമ്പർ

ഭൗതീക പ്രപഞ്ചത്തെ മൊത്തത്തിൽ സൂചിപ്പിക്കുന്ന പദമാണ് പ്രകൃതി . ഇത് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് നമ്മുക്ക് അറിവുണ്ടായിരിക്കണം. ആരാണ് പ്രകൃതിയുടെ സംരക്ഷകർ? ആരാണ് നശി

പ്പിക്കുന്നവർ....രണ്ടിനും ഉത്തരം ഒന്ന് തന്നെ മനുഷ്യർ. ലോകം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്ന് മനുഷ്യന്റെ വീണ്ടുവിചാരമില്ലാത്ത പ്രവൃത്തികൾ മൂലം പ്രകൃതിയുടെ താളംതെറ്റിയി രിക്കുന്നു എന്നുള്ളത്. ജാഗ്രതയോടെ പ്രകൃതിയെ

സംരക്ഷിക്കുവാൻ നമ്മൾ തയ്യാറാകണം, എങ്കിൽ മാത്രമേ മാനവരാശിക്ക് ഈ ഭൂമിയിൽ നിലനിൽപ്പുള്ളൂ . മനുഷ്യൻ പ്രകൃതിയിൽ നിന്ന വ്യത്യസ്തനല്ല പ്രകൃതിയുടെ തന്നെ ഭാഗമാണ്. മനുഷ്യൻ നിലനിൽക്കുന്നത് തന്നെ പ്രകൃതിയെ ആശ്രയിച്ചാണ്.പ്രകൃതി നമ്മുക്ക് വേണ്ടി എത്ര മാത്രം ത്യാഗം സഹിക്കുന്നു. ഒരു വൃക്ഷത്തെ നോക്കുക അത് ഫലം തരുന്നു, കുളിർമ തരുന്നു, തണൽ തരുന്നു . നദിയാവട്ടെ മനുഷ്യരുടെ അഴുക്കു മുഴുവൻ സ്വീകരിക്കുമ്പോഴും ശുദ്ധജലം നൽകാൻ വെമ്പുന്നു . ഇങ്ങനെ പ്രകൃതിയിലെ ഏതൊന്ന് എടുത്ത് നോക്കിയാലും അവയെല്ലാം നമ്മുക്ക് വേണ്ടി എന്ത് ത്യാഗമാണ് സഹിക്കുന്നത്. ഭൂമിയിൽ സ്വർഗ്ഗം പടുത്തുയർത്താനാണ് മനുഷ്യന്റെ ശ്രമം .പക്ഷെ ഫലത്തിൽ ഇവിടെ നരകമായി മാറ്റിയിരിക്കുന്നു . ആദ്യം നമ്മൾ സംരക്ഷിക്കേണ്ടത് പ്രകൃതിയെയാണ്. എങ്കിലേ നമുക്ക് നിലനിൽപ്പൊള്ളൂ. പണത്തിനുവേണ്ടി സ്വാർത്ഥതയ്ക്കുവേണ്ടി പ്രകൃതിയെ നശിപ്പിക്കുന്നത് നമ്മൾ അവസാനിപ്പിക്കണം .



## കുട്ടികളും പ്രാർത്ഥനയും



സച്ച അഗസ്റ്റിൻ ,9A

പ്രാർത്ഥനയുടെ ആവശ്യകതയെക്കുറിച്ച് അറിയാത്തവർ ആരുമില്ല. ശരീരത്തിന് ഭക്ഷണപാനീയങ്ങൾ പോലെയാണ് മനുഷ്യന് പ്രാർത്ഥന ജീവിതത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും സന്തോഷത്തിനും സമാധാനത്തിനും പ്രാർത്ഥന അനിവാര്യമാണെന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നുവെന്ന് അദ്ദേഹത്തിന്റെ വാക്കുകൾ വ്യക്തമാക്കുന്നു. ഞാൻ എന്റെ ഒരു ദിവസം പ്രാർത്ഥനകൊണ്ട് ആരംഭിക്കുന്നു. പ്രാർത്ഥനകൊണ്ട് അവസാനിപ്പിക്കുകയും ചെയ്യുന്നു . മദർ തെരേസായും തന്റെ  ജീവിതം പ്രാർത്ഥനയുടെ നേർക്ക് തുറന്നിട്ടിരുന്നു.  ജീവികാരുണ്യ

പ്രവർത്തനത്തിന്റെ പ്രചോദനവും പ്രതീകവും മാതൃകയുമായിമാറിയ മദർതെരേസായും തന്റെ പ്രവർത്തനങ്ങൾക്കുള്ള ഊർജ്ജം സമ്പാദിച്ചത് പ്രാർത്ഥനയിൽനിന്നായിരുന്നു.

പ്രാർത്ഥന ദൈവത്തോടുള്ള സൗഹൃദ ഭാഷയാണ്. ദൈവത്തോടുള്ള ആത്മബന്ധമാണ്.

പ്രാർത്ഥിക്കുന്നത് ആവശ്യമുള്ളതൊക്കെ ദൈവത്തോട് ചോദിക്കുന്നതിനു വേണ്ടിയാകരുത്,

പ്രത്യുത ദൈവത്തോട് ആലോചന തേടുന്നതിനുവേണ്ടിയായിരിക്കണം. സ്വന്തം ഇഷ്ടം ദൈവത്തെക്കൊണ്ട് അംഗീകരിപ്പിക്കുന്നിടത്ത് പ്രാർത്ഥനയില്ല. മറിച്ച്, ദൈവത്തിന്റെ ഇഷ്ടം സ്വന്തം ജീവിതത്തിൽ അംഗീകരീക്കുന്നതാണ് പ്രാർത്ഥന.

പ്രാർത്ഥനക്ക് യഥാർത്ഥ മാതൃക യേശുവാണ്. പരസ്യജീവിതത്തിന് ഒരുക്കമായി യേശു നാല്പതുദിനരാത്രങ്ങൾ പ്രാർത്ഥിച്ചു, അപ്പോൾ സ്വർഗം തുറക്കപെടുകയും പരിശുദ്ധാത്മാവ് വരുകയും ചെയ്തു.

പ്രാർത്ഥന രണ്ടുതരമുണ്ട്. വ്യക്തിപരമായ പ്രാർത്ഥനയും, സമൂഹപ്രാർത്ഥനയും. യേശു തന്റെ ജീവിതത്തിൽ വ്യക്തിപരമായ പ്രാർത്ഥനയ്ക്ക് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. സ്വയം തിരുത്തുവാനും ദൈവത്തെ ശ്രവിക്കുവാനും ദൈവാനുഭവനത്തിലേയ്ക്ക് പ്രവേശക്കുവാനും വ്യക്തിപരവും ഏകാന്തവുമായ

പ്രാർത്ഥനകൾ നമ്മെ സഹായിക്കുന്നു. കൂട്ടായ്മ വളർത്തുവാനും ഒരുമിച്ച് ദൈവത്തെ സ്തുതിച്ച് മഹത്ത്വപ്പെടുത്താനും സമൂഹപ്രാർത്ഥന നമ്മെ സഹായിക്കും.

പ്രാർത്ഥിക്കുവാനുള്ള പരിശീലനം ലഭിക്കേണ്ടത് പ്രധാനമായും മാതാപിതാക്കളിൽ നിന്നാണ്. ഓരോ ഭവനവും ഓരോ പ്രാർത്ഥനാലയമായിരിക്കണം. പ്രാർത്ഥനയുടെ അന്തീരക്ഷത്തിൽ വളർന്നുവരുന്ന തലമുറ

വെളിച്ചത്തിന്റെപാതയിൽ സഞ്ചരിക്കും. ആകയാൽ പ്രാർത്ഥനയിലൂടെ നമ്മുടെ ജീവിതത്തെ നവീകരിക്കാം, നല്ല മനുഷ്യരാകാം.



# പ്രകൃതി നേരിടുന്ന വെല്ലുവിളികൾ



പ്രിയ സി ജോസ്, 9C
ലിറ്റിൽ കൈറ്റ്സ് മെമ്പർ

ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളത്തിൽ ഇക്കാലത്ത് പ്രകൃതി ദുരന്തങ്ങൾ ഏറെയാണ് . മനുഷ്യർക്ക് പ്രകൃതി ചെയ്തിട്ടുള്ള നന്മകൾ ഏറെയാണ് എന്നാൽ മനുഷ്യൻ ഇതൊന്നും ഓർക്കാതെ ചെയ്യുന്ന ക്രൂരതകൾ പ്രകൃതിയെ

നശിപ്പിക്കുന്നു . പ്രകൃതിയെ ചൂഷണം ചെയ്യുമ്പോൾ തൻെറ നിലനിൽപ്പാണ് നഷ്ടമാകുന്നത് മരങ്ങൾ വെട്ടുമ്പോൾ പ്രകൃതിയിലെ മറ്റു ജീവജാലങ്ങളുടെ ആവാസവ്യവസ്ഥയാ ണ് നഷ്ടമാകുന്ന ത് പുഴയിൽ നിന്ന് മണ്ണ് വാരുക , മാലിന്യങ്ങൾ വലിച്ചെറിയുക,വായുമലിനീകരണം ഇവയെല്ലാം പ്രകൃതിയെ

മലിനമാക്കു കയാണ്.

എന്തിന് വ്യവസായവൽക്കരണം അനുദിനം നമ്മുടെ പ്രക്രുതിയെ കറ്ന്നുതിനുന്നു. പ്രക്രുതിയെ നശിപ്പിക്കുന്നതു മൂലം മനുഷ്യൻ തന്നെ നാശം തന്നെയാണ് വരുത്തിവയ്ക്കുന്നത്. നമ്മുക്ക് മാത്രം അവകാശപ്പെട്ടതല്ല ഈ പ്രകൃതി വരും തലമുറയ്ക്ക് കൂടി അവകാശ പ്പെട്ടതാണ്. നമ്മൾ പ്രകൃതിയെ നശിപ്പിക്കുന്നതുമൂലം പ്രകൃതി നേരിടുന്ന പരിസ്ഥിതിക പ്രശ്നങ്ങൾ വളരെ വലുതാണ് എന്ന അവബോധം നമ്മുക്കുണ്ടാവണം.

വികസനം നല്ലതാണ് എന്നാൽ അത് പ്രകൃതിയെ നശിപ്പിച്ചുകൊണ്ടാവരുത് നമ്മൾ വികസനത്തിനുവേണ്ടി ചെയ്യുന്ന കാര്യങ്ങൾ നമ്മുടെ പ്രകൃതിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു . പ്രകൃതിയിലെ ജീവജാലങ്ങളുടെ നിലനിൽപ്പിനും നമ്മൾ ചെയ്യുന്ന പ്രവൃർത്തനങ്ങൾ ദോഷകരമാണ് നമ്മുടെ നിലനിൽപ്പിനും ദോഷകരമാണ് പ്രകൃതിയിലെ ഓരോ വസ്തുക്കളുമാണ് നമ്മെ ജീവിക്കാൻ പ്രേരിപ്പിക്കുന്നത്.ഒരു തരത്തിൽ പറഞ്ഞാൽ പ്രകൃതി നമുക്ക് അനുഗ്രഹമാണ് .

മനുഷ്യൻെറ ജീവന് ആധാരമാണ് പ്രകൃതി . പ്രകൃതിയെ ചൂഷണം ചെയ്യാതെ സാമൂഹിക വികസനം സാധ്യമാക്കാൻ നമുക്കാവണം പ്രകൃതിയെ ചൂഷണം ചെയ്യാതെ മറിച്ച് പ്രകൃതിക്ക് നന്മ ചെയ്തുകൊണ്ട് ജീവിക്കാൻ നമുക്കാവണം.പ്രകൃതിയെ സംരക്ഷിക്കാൻ നമുക്ക് മാതൃകയാവാം .



# എന്റെ കുട്ടിക്കാലം



ശ്രീ. ലിബിൻ സി.കെ (അധ്യാപകൻ)

ഇത് എന്റെ ഓർമ്മകളിലേയ്ക്ക് ഉള്ള ഒരു യാത്രയാണ്. എന്റെ മനസ്സിൽ എന്നും താലോലിക്കുന്ന എന്റെ ബാല്യത്തിലേയ്ക്ക് ഉള്ള യാത്ര.1990 കാലഘട്ടത്തിൽ ജനിച്ച തലമുറ ജീവിതത്തിൽ വളരെയധികം അനുഗ്രഹിക്കപ്പെട്ടവരാണെന്ന് ഞാൻ പലപ്പോഴും

ചിന്തിക്കാറുണ്ട്.ഗ്രാമീണ ജീവിതത്തിലെ നിഷ്കളങ്കമായ ജീവിതം അവസാനമായി ആസ്വദിച്ചത് ഞങ്ങൾ ആണ്. കുട്ടിക്കാലം ഞങ്ങൾ ആഘോഷിച്ചത് പാടത്തും റബ്ബർ തോട്ടത്തിലും ആയിരുന്നു.അക്ക് കളി,

കഞ്ഞിയും കറിയും,സാറ്റ് കളി,കല്ല് കളി എന്നിവയെല്ലാം ഞങ്ങളുടെ ബാല്യം മനോഹരമാക്കിയ ഓർമ്മകളാണ്.സ്കൂളിൽ പോകുവാൻ മടി ആയിരുന്നെങ്കിലും. ഇപ്പോൾ ഞാൻ പലപ്പോഴും ആഗ്രഹിക്കാറുണ്ട് ആ

നാളുകൾ ഒരിക്കൽ കൂടി തിരികെ ലഭിച്ചിരുന്നെങ്കിൽ, ഞങ്ങൾ അയൽപ്പക്കത്ത് ഉള്ള എല്ലാ കുട്ടികളും ചേർന്ന് കളിയും ചിരിയും ഒരുമിച്ചാണ് സ്കൂളിലേക്ക് പോയിരുന്നത്.വൈകുന്നേരം തിരിച്ച് വരുമ്പോൾ സ്കൂളിന്റെ അടുത്ത് നിന്നുള്ള കടയിൽ നിന്ന് തേൻ മിഠായിയും പുളി സിപ്പപ്പും എല്ലാം മേടിച്ചാണ് വൈകുന്നേരത്തെ മടക്കയാത്ര.വൈകുന്നേരം ഞങ്ങൾക്ക് പലതരം കളികളുടെ സമയം കൂടി ആയിരുന്നു. പുല്ലിൽ ചവിട്ടാണ് വൈകുന്നേരം സ്കൂളിൽ നിന്ന് മടങ്ങി വരുമ്പോൾ കൂട്ടതലായി കളിച്ചിരുന്നത്.

എന്റെ ഓർമ്മയിൽ അഞ്ചാം ക്ലാസ് വരെ ഞങ്ങൾ എല്ലാം ഷർട്ടും നിക്കറും ഇട്ടാണ് സ്കൂളിൽ പോയിരുന്നത്.ആദ്യമായിട്ട് ഞങ്ങൾ പേന കൊണ്ട് എഴുതുന്നത് നാലിലോ അഞ്ചിലോ പഠിക്കുമ്പോൾ ആണ്.

നാലാം ക്ലാസ് വരെ ഞങ്ങൾ എഴുതി പഠിച്ചത് കല്ല് സ്ളേറ്റിൽ ആയിരുന്നു.സ്ളേറ്റ് മായിക്കാൻ പച്ച പറിയ്ക്കാൻ പറമ്പുകൾ കയറി നടന്നത് ഇപ്പോഴും കണ്മുന്നിൽ ഉണ്ട്. ടീവിയും ഫോണും എല്ലാ വീടുകളിലും ആയി വരുന്ന കാലഘട്ടം.ദൂരദർശൻ ആയിരുന്നു ഞങ്ങളുടെ ബാല്യത്തെ മനോഹരമാക്കിയത്.ഞായറാഴ്ചകളിൽ ദൂരദർശനിൽവരുന്ന സിനിമകളും, ശക്തിമാനും ജംഗിൾ ബുക്കും ചിത്രഗീതവും ആകാശവാണിയും എല്ലാം

ബാല്യത്തെ വളരെ മനോഹരമായ ഓർമ്മകളാണ്.

ഞായറാഴ്ചകളിലെ വിശ്വാസ പരിശീലന ക്ലാസുകൾഓർക്കുമ്പോൾ ഏറ്റവുംഅധികം ഓർമ്മ വരുന്നത് ഇറച്ചിക്കറിയാണ്.അന്നൊക്കെ ഞായറാഴ്ചകളിലാണ് വീടുകളിൽ ഇറച്ചി മേടിച്ചിരുന്നത്.വേദപാഠം ക്ലാസിൽ ഇരിക്കുമ്പോൾ ഒരു 12 മണി ആകുമ്പോൾ വിശപ്പിന്റെ വിളി

തുടങ്ങും.വീട്ടിൽ 'അമ്മ വെയ്ക്കുന്ന ഇറച്ചിക്കറിയാണ് മനസ്സിൽ.വേദപാഠം വിട്ടാൽ ഒറ്റ ഓട്ടമാണ് വീട്ടിലേയ്ക്ക് ഇറച്ചിക്കറിയും കൂട്ടി ചോറ് ഉണ്ണാൻ.പള്ളിയിലെ പെരുന്നാൾ ബാല്യകാല സ്മരണകളിൽ മനസ്സിൽ ഏറ്റവും അധികം ചേർന്ന് ഇരിക്കുന്ന ഓർമ്മയാണ്. ക്രിസ്തുമസ്സും പെരുന്നാളും ഒരുമിച്ചാണ്. വല്ല്യമ്മച്ചിയും ചാച്ചന്മാരും എല്ലാം പെരുന്നാൾ കൂടാൻ പൈസ തരും.ബലൂണും പൊട്ടാസ് തോക്കും എല്ലാം എന്റെ പെരുന്നാൾ ഓർമ്മകളാണ്.ബാലരമ മേടിക്കുവാൻ കാത്തിരുന്ന

വെള്ളിയാഴ്ചകളും ആശാൻ കളരിയിൽ മണലിൽ അക്ഷരം എഴുതി പഠിപ്പിച്ച ദിവസങ്ങളും ഗ്രെയിൻസ് വരുമ്പോൾ ടീവിയുടെ ആന്റിന തിരിക്കുവാൻ മത്സരിച്ചിരുന്ന ദിവസങ്ങളും എല്ലാം ഇന്ന് എനിക്ക് ഓർമ്മകളാണ്.എന്റെ മനസ്സിൽ ഞാൻ കാത്ത് സൂക്ഷിക്കുന്ന ഓർമ്മകൾ ഒരു ആയുസ് മുഴുവൻ ഓർത്ത് സന്തോഷിക്കുവാൻ.



## ജാഗ്രതാ നിർദ്ദേശങ്ങൾ



ഹരി പ്രസാദ്, 9B

ലിറ്റിൽ കൈറ്റ്സ് മെമ്പർ

- വീടിന്റെ മുൻവാതിലും പിൻവാതിലും അടച്ചുറപ്പുള്ളതാണെന്ന് ഉറപ്പുവരുത്തുക.മിക്കവാറും സംഭവങ്ങളിൽ പിൻവാതിൽ തകർത്താണ് മോഷ്ടാക്കൾ

അകത്ത് കയറാറുള്ളത്.

- രാത്രി സമയങ്ങളിൽ വീടിന്റെ പുറത്ത് ടാപ്പിൽ നിന്ന്

വെള്ളം വീഴുന്ന ശബ്ദമോ കൊച്ചു കുട്ടികളുടെ കരച്ചിലോ

- കേട്ടാൽ പരിസരം ടോർച്ച് അടിച്ച് നിരീക്ഷിച്ചതിനുശേഷംമാത്രം പുറത്തിറങ്ങുക.
- പകൽ സമയമാണെങ്കിലും മുൻ,പിൻ വാതിലുകൾ അശ്രദ്ധമായി തുറന്നിടരുത്.
- പഴയസാധനങ്ങൾഎടുക്കുന്നതിന് എന്നുപറഞ്ഞ് അപരിചിതർ വീട്ടിൽ കടന്ന് വന്നാൽ ജാഗ്രത പാലിക്കണം
- കോളിംഗ് ബെൽഅടിച്ചാൽ പെട്ടെന്ന് മുൻവാതിൽ തുറക്കാതെ ജനൽ തുറന്ന് ആരാണെന്ന് ഉറപ്പുവരുത്തുക
- വീടിന്റെ ടെറസ്സിൽ കയറാൻ സൗകര്യപ്പെടുമാറ് ഏതെങ്കിലും മരച്ചില്ലകൽ ചാഞ്ഞുകിടക്കുന്നുവെങ്കിൽ വെട്ടിമാറ്റുക
- രാത്രി കിടക്കുന്നതിന് മുമ്പ് ജനലുകളും വാതിലുകളും ഭദ്രമായി അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
- രാത്രികാലങ്ങളിൽ വീടിന്റെ ജനലരികിൽ വിലപിടിപ്പുള്ള വസ്തുക്കളോ,സ്വർണാഭരണങ്ങളോ സൂക്ഷിക്കരുത്.
- ആവശ്യത്തിന് മാത്രം സ്വർണാഭരണങ്ങൾ അണിയുക. കൂടുതൽ സ്വർണ്ണമുണ്ടെങ്കിൽ ബാങ്ക് ലോക്കറിൽ സൂക്ഷിക്കുക.
- വീട്ടുവേലയ്ക്ക നിൽക്കുന്ന അന്യനാട്ടുകാരുടെയും സെക്യൂരിറ്റികാരുടെയും പൂർണ മേൽ വിലാസവും ഫോൺ നമ്പരുകളും ശേഖരിച്ച് സൂക്ഷിക്കുക.
- കൊച്ചുകുട്ടുകളെ സ്വർണ്ണാഭരണങ്ങൾ ധരിപ്പിക്കുന്നത്

ഒഴിവാക്കുക

- യാത്രയിൽഅപരിചിതർ നല്കുന്ന പാനിയങ്ങൾ വാങ്ങികഴിക്കരുത്.
- ബസ്സ് യാത്രകളിലും മെറ്റും അമിതമായി സ്വർണ്ണാഭരണങ്ങൾ ധരിക്കരുത്.
- കുറച്ച് ദിവസം വീട് വിട്ട് പോകുന്നുവെങ്കിൽ വിവരം

  അടുത്ത പോലീസ് സേറ്റഷനിലും,റെസിഡന്റ് അസോസിയേഷനിലും അറിയിക്കുക.
- വീടുകളിലും,വാഹനങ്ങളിലും ആന്റി തെഫ്റ്റ് അലാറം ഫിറ്റ് ചെയ്യുക. വാഹനങ്ങൾക്ക് സ്റ്റിയറിംഗ് ലോക്ക് ഫിറ്റ് ചെയ്യുക.
- പെൺകുട്ടികളെ പെട്ടെന്നുണ്ടാകുന്ന അക്രമങ്ങളിൽനിന്ന് സ്വയം പ്രതിരോധിക്കുന്നതിനായി കളരി,കരാട്ടെ,ജൂഡോ പോലെയുള്ള അയോധനകലകൾ പഠിപ്പിക്കുന്നത് നല്ലതാണ്.
- ഒരു സംശയാസ്പദ സംഭവമുണ്ടായാൽ പുറമെയുള്ള ലൈറ്റുകളെല്ലാം പെട്ടെന്ന് തെളിയിക്കത്തക്കതരത്തിൽ കൺട്രോൾ സ്വിച്ച് സ്ഥാപിക്കുക.



# നവകേരളം



അപർണ ആഘോഷ് 9A
ലിറ്റിൽ കൈറ്റ്സ് മെമ്പർ

ഈ കഴിഞ്ഞ രണ്ടോ,മൂന്നോ മാസങ്ങൾക്കുമ്പ് നമ്മുടെ കേരളം, നമ്മൾ കണ്ട ഏറ്റവും വലിയ ദുരന്തം . നമ്മുടെ

തെറ്റിന്റെ ഫലം നാം തന്നെ അനുഭവിക്കണം. ദൈവം തന്ന വരദാനമായ പ്രകൃതിയോട് നാം ചെയ്ത ക്രൂരതയുടെ ഫലം. ജീവിതത്തിൽ എന്തു ചെയ്യുന്നതിനും മുമ്പ് അതിനെ കുറിച്ച് ഏറെ ചിന്തിക്കണം എന്ന് പറയുവാനല്ലാ പ്രാവർത്തികമാക്കാൻ നാം ഓരോരുത്തർക്കും കഴിയുന്നില്ല. നാം എല്ലാവരും ഒന്ന് ചിന്തിച്ചിരുന്നായിരുന്നെങ്കിൽ ഒരുപക്ഷേ ഈ പ്രളയത്തെ ഒഴിവാക്കാമായിരുന്നു.

നാം പ്രകൃതിക്ക് നൽകിയതെല്ലാം നമ്മുക്ക് ഈ പ്രളയത്തിലൂടെ

പ്രകൃതി തിരികെതന്നു.
ജീവിതത്തിൽ കഴിഞ്ഞുപോയതിനെക്കുറിച്ച് ആകുലപ്പെടാതെ ഇനിയുള്ള കാലങ്ങളിൽ സന്തോഷമായി ജീവിക്കാൻ നഷ്ടങ്ങളെമറന്ന് പുനർജനിക്കാൻ ശ്രമിക്കുക. ഏതു ദുഖത്തിന് പിന്നിലും പുഞ്ചിരിക്കാനായി, സന്തോഷിക്കാനായി , നമ്മുക്കൊരു അവസരം കിട്ടും എന്ന പ്രതീക്ഷയോടെ നമുക്ക് നവകേരളത്തിന്റ പുനർജന്മത്തിൽ പണ്ടുള്ളതിനെക്കാൾ മനോഹരമായ ഒരു കേരളത്തെ സ്വപ്നം കാണാം.

ഉദിക്കുന്ന സൂര്യന്റെപ്രകാശം പോലെ നമ്മുക്കും , നമ്മുടെ കേരളത്തിനും ഇനി ഉദിക്കാൻ കഴിയട്ടെ. അസ്തമിക്കുന്ന സൂര്യനെ മറന്ന് ഉദിക്കുന്ന സൂര്യനെ സ്വപ്നം കണ്ടുക്കൊണ്ട് ഇനിയുളള ജീവിതത്തെ സൂര്യന്റെ ഉജ്ജ്വല പ്രകാശത്തോടെ വരവേൽക്കാൻ കേരളത്തിന് സാധിക്കട്ടെ. വാടിയ പൂവ് കാണുന്നതിനെക്കാൾ , ഒരുമിച്ച് ശ്രമിച്ച് നമ്മുക്ക് സന്തോഷം വിടർന്ന, വിടരാൻ വെമ്പിനിൽക്കുന്ന പൂവിനെ കാണാനാണ്. വിടരാൻ കൊതിക്കുന്ന നമ്മുടെ

കേരളത്തേയും ഒരു പുഞ്ചിരിയോടെ വരവേൽക്കാൻ നമ്മുക്കാവട്ടെ. ഓരോ പ്രഭാതവും ഓരോ ദിനവും ജീവിതത്തിൽ നല്ല ഒരു വേറിട്ട അനുഭവങ്ങളാണ് നൽകുന്നത്. നല്ലതാവാം ഒരുപക്ഷെ ചീത്തയവാം ആ ചീത്തയിലും നന്മയുടെ പ്രകാശം ഉള്ളതുപോലെ ഈ പ്രളയത്തിനു പിന്നിൽ അതിന്റെ വലിയ ദുഖത്തെമറന്ന് വേറിട്ട സന്തോഷം നമ്മേ തേടിവരും . ആഗ്രഹവും , സ്വപ്നവുമാണ് നമ്മേ ജീവിക്കു.......... ജീവിക്കു എന്ന് പ്രേരിപ്പിക്കുന്നത്. സ്വപ്നം മനസ്സിൽ കാണുമ്പോഴാണ് ആ സ്വപ്നത്തിൽ നാം കാണുന്ന ആ ആഗ്രഹത്തെ ഇഷ്ടപ്പെടുന്ന യാഥാർത്യമാക്കാൻ ശ്രമിക്കുക സത്യമാക്കാൻ കൊതിക്കുക.

സ്വപ്നങ്ങളാവാം ഒരു പക്ഷെ നമ്മെ ജീവിക്കാൻ വളരെ ഏറെ പ്രേരിപ്പിക്കുന്നത്. ഈ മഹാ പ്രളയത്തിലെ ആപത്തുകളെ മറികടക്കാൻ കഴിഞ്ഞുപോയതിനെ മറന്ന് പുതിയ നാളുകളെ സ്വപ്നം കണ്ടുക്കൊണ്ട് അത് യാഥാർത്യമാക്കാൻ നമുക്കാവണം . നമ്മുക്കാവട്ടെ . ഈ പ്രളയത്തിനുശേഷം ജീവിതം മതിയെന്ന് തോന്നുന്നവർക്ക് നമ്മുടെ മുഖത്തെ ഒരു ചെറുപുഞ്ചിരി ആ പുഞ്ചിരിയിലൂടെ നമ്മുടെ മുഖത്ത് തെളിയുന്ന പ്രകാശം. അതാവാം അവരെ ജീവിതത്തിലേയ്ക്ക് തിരിച്ചുനയിക്കുന്നത് .




## വി. റോസാ



നോയൽ സ്റ്റീഫൻ, 9B

അമേരിക്കയിൽനിന്ന് ഒന്നാമതായി വിശുദ്ധയെന്ന് നാമകരണം

ചെയ്യപ്പെട്ട വിശുദ്ധയാണ് റോസാ (1586 ഏപ്രിൽ 20 -1617 ഓഗസ്റ്റ് 24 ചെറു തലസ്ഥാമായ ലീമായിൽ സ്പാനീഷ് മാതാപിതാക്കന്മാരിൽനിന്ന് ജനിച്ചു. ജ്ഞാനസ്നാനനാമം ഇസബെല്ല എന്നായിരുന്നു. ബാല്യം മുതൽ തന്നെ അവൾ പ്രദശിപ്പിച്ചിരുന്ന ക്ഷമയും സഹനവും അസാധാര ണമാ യിരുന്നു.ആഴ്ചയിൽ മൂന്നുപ്രാവിശ്യം റൊട്ടിയും വെള്ളവും മാത്രം കഴിച്ച് അവൾ ഉപവസിച്ചിരുന്നു. അരയിൽ ഒരു ഇരുമ്പുചങ്ങലയും തലമുടിയുടെ ഇടയിൽ ഒരു മുൾകിരീടവും അവൾ ധരിച്ചിരുന്നു. വളർന്നുവന്നപ്പോൾ തോട്ടത്തിൽ രുചിയില്ലാത്ത സസ്യങ്ങളാണ് അവൾ അധികവും വളർത്തിയിരുന്നത്.തന്റെ സൗന്ദര്യത്തെപ്പറ്റി പലരും സംസാരിക്കുന്നത് കേട്ടപ്പോൾ അവൾക്ക് ഭയം തോന്നിയിരുന്നു. തന്നിമിത്തം വല്ല യാത്രയും ചെയ്യേണ്ടിവരുമ്പോൾ തലോരാത്രി മുഖത്തും കൈകളിലും കുരുമു ള ക്പൊടി തേച്ച് മുഖം വിരൂപമാക്കിയിരുന്നു. ഒരിക്കൽ ഒരു യുവാവ് അവ ളുടെ കരങ്ങളുടെ മൃദുലതയെപ്പറ്റി സംസാരിക്കാൻ തുടങ്ങിയപ്പോൾ അവൾ ഓടിപ്പോയി.രണ്ടുകരങ്ങളും ചൂടുള്ള കുമ്മായത്തിൽ താഴ്ത്തി.മറ്റുള്ളവർക്ക് താൻ നിമിത്തം പരീക്ഷണങ്ങൾ ഉണ്ടാകാതിരിക്കാനാണ് അവൾ അങ്ങനെ ചെയ്തത്.

കന്യകയായി ദൈവത്തെ ശുശ്രൂഷിക്കാൻ നിശ്ചയിച്ചുകൊണ്ട് റോസാ ഡൊമനിക്കൽ മൂന്നാം സഭയിൽ ചേർന്നു. ഏകാന്തത്തിനുവേണ്ടി അവൾ ഉദ്യാനത്തിൽ ഒരു പർണ്ണശാല കെട്ടി ഉണ്ടാക്കിയിരുന്നു. അമിതമായ രോഗത്താൽ 1617 ഓഗസ്റ്റ് 24 ന് മുപ്പത്തൊന്നാം വയസ്സിൽ മരിച്ചു. 1671 ൽ പത്താം ക്ലെമന്റ് മാർപ്പാപ്പ റോസിനെ പുണ്യവതി എന്ന് നാമകരണം ചെയ്തു.




# കഥയിലൂടെ അല്പം കാര്യം

# അന്ത്യചുംബനം



അക്ഷയ്സന്തോഷ്,9A

കൈവിട്ട് കളഞ്ഞ സ്നേഹപുഷ്പത്തിന്റെ നഷ്ടം, അയാളെ ഓർമ്മകൾ മരിക്കാത്ത കാലത്തോളം പിന്തുടർന്നു. അടർന്നു പോയതായിരുന്നില്ല. പക്ഷേ അടർത്തി മാറ്റിയതായിരുന്നു. ആ ഓർമ്മകൾ അയാളുടെ ഹൃദയത്തിലെ മുറിവിനെ കുത്തി നോവിച്ചുകൊണ്ടിരിക്കുന്നു.

എന്നാൽ ഇന്ന് ഓർമ്മകൾ മരിച്ചിടത്തല്ല അയാൾ യഥാർതഥ സ്നേഹപുഷ്പത്തെ തിരിച്ചറിഞ്ഞത്. സ്നേഹിക്കാൻ മാത്രം അറിഞ്ഞിരുന്ന ഒരുഹൃദയതാളംപെട്ടെന്ന് നിലച്ചുപ്പോയിരുന്നു, നഷടപ്പെട്ടതിനെക്കാൾ എത്രയോ വിലപി ടിപ്പുള്ളതായിരുന്നുതന്റെകരങ്ങളിൽ ഉണ്ടയിരുന്നതെന്ന്.

സംസ്കാര ശുശ്രൂഷകളൊക്കെ കഴിഞ്ഞ് ബന്ധുക്കളും നാട്ടുക്കരും പിരിഞ്ഞു. അടുത്ത ബന്ധുക്കളും കൂടി പോയാൽ ഈ വീട്ടിൽ താനും മകളും ഒറ്റക്ക്.ആശ്വാസവക്കുകളും സഹതാപ നോട്ടങ്ങളും അയാളെ അസ്വസ്ഥനാക്കുക മാത്രമാണ് ചെയ്തത് . കണ്ണടയ്ക്കുമ്പോൾ മുഴുവൻ അവളുടെ മുഖമാണ്

കണുന്നത് .ഇനി ഒരിക്കലും തിരിക്കെ വരില്ല എന്ന

തിരിച്ചറിവാകാം,ഉറക്കത്തിൽ നിന്ന് എഴുന്നേറ്റ് ഓർമ്മകളിൽ അവളെ തിരഞ്ഞു നടന്നു .

ഒരു ഭാര്യയുടെ കർത്തവ്യങ്ങളെല്ലാം കൃത്യമായി അവൾ ചെയ്തിരുന്നു. എങ്കിലും ഒരിക്കൽ പോലും താൻ അത് അംഗീകരിക്കാനോ ,

സ്നേഹത്തോടെ അവളെ ചേർത്ത് പിടിക്കാനോ ശ്രമിച്ചിട്ടില്ല. കാരണം അവർ തന്റെ ജീവിതത്തിലേക്ക് കടന്ന് വന്നത് മറ്റൊരളെ പ്രതിഷ്ഠിച്ച സ്ഥാനത്തായിരുന്നു ഒരിക്കലും അംഗീകരിക്കാനാവാത്ത കടന്നു വരവ് തന്നെ .

തികഞ്ഞ ദൈവവിശ്വാസിയായിരുന്നു പള്ളി മണി അടിക്കുമ്പോഴേ സന്ധ്യാപ്രാർത്ഥനയ്ക്കായി അവൾ മുന്നിലുണ്ടാകും . രാവിലെ പള്ളിയിലേക്ക് ഇറങ്ങുന്ന ഒരു രൂപമാണ് മനസ്സിൽ. വെള്ളയിൽ വൈലറ്റ് പൂക്കളുള്ള സാരിയിൽ അവൾ സുന്ദരിയായിരുന്നു. വെള്ളനിറമായിരിക്കണം അവളുടെ ഇഷ്ടനിറം.... അറിയില്ല .... ഇതുവരെയും ചോദിച്ചിട്ടില്ല.

വിവാഹവാർഷികങ്ങളും ജന്മദിനങ്ങളുംകടന്നു പോയി അവളുടെ സന്തോഷത്തിനായി ഇന്നേ വരെ ഒന്നും ചെയ്തിട്ടില്ല. വിദ്യാഭ്യാസം ഉണ്ടായിരുന്നെങ്കിലും ജൂവിതം അടുക്കളയിൽ തൂർത്തു കളഞ്ഞു.... അതും തനിക്കും വേണ്ടി. ജൂവൂതിം വഴിമുട്ടിയ സന്ദർഭങ്ങളിൽ അവളുടെ വാക്കുളൊന്നും കേട്ടില്ല. അതിന്റെ ശിക്ഷ തനിക്ക് ആവോളം കിട്ടി, എന്നിട്ടും പഠിച്ചില്ല.

രാവിലെ പതിവുപോലെ പള്ളിയിലേക്ക് ഇറങ്ങിയതാണ് . പക്ഷെ തിരികെ വന്നത് മരവിച്ച ഒരു

ശരീരം മാത്രമാണ് . അലമുറയിട്ടു കരയുന്ന മകളുടെ മുന്നിൽ തനിക്കും പിടിച്ചു നില്ക്കാനായില്ല. ഉള്ളിലെവിടെയൊബന്ധിച്ചവച്ചിരുന്നസ്നേഹമെല്ലാം അണപ്പൊട്ടിയൊഴുകാൻ തയ്യാറെടുക്കുന്നു .

അപ്പോഴാണ് ഒരു ഉൾവിളി ഇനിയെന്തിന് ഈ മരവിച്ച ശരീരത്തിനോ ഒരിറ്റു സ്നേഹം പോലും പ്രകടിപ്പിക്കാതിരിന്നതിന്റെ വീർപ്പുമുട്ടൽ അയാളെ അലട്ടി.

ഇനി ഒരിക്കലും തിരികെ വരില്ലെന്ന തിരിച്ചറിവോടെ അയാൾ അവളുടെ മരവിച്ച ശരീരത്തെ അവസാനമായി പുണർന്നു അദ്യത്തെയും അവസാനത്തെയും സ്നേഹചുംബനം ... അല്ല ............... ഇപ്പോൾ അന്ത്യചുംബനം . കടലോളം സ്നേഹം ഉള്ളിൽ

സുക്ഷിച്ചിട്ട് അത് അറിയാനായത് ആ മരവിച്ച ശരീരത്തിനാണ് . ഒരു യാത്രപോലും മൊഴിയാതെ വിടചൊല്ലിയത് തനിക്ക് അർഹതയില്ലാഞ്ഞിട്ടാവാം എന്ന് അയാൾ കരുതി .

അവളുടെ ഉള്ളിലുള്ള ശബ്ദം തന്നോട് പറയുന്നത് അയാൾ ശ്രദ്ധിച്ചു-- അവിടുന്ന് നൽകിയ ഈ സ്നേഹലിംഗനം മതി അടുത്ത ജന്മത്തിൽ പുനർജനിക്കാൻ എന്ന്. അവളുടെ മരണശേഷം നാളുകൾ കഴിഞ്ഞാണ് അയാൾ ആ ഡയറി കണ്ടത് . അതിലെ ചില വരികൾ തന്നോട് പറയാനുണ്ടായിരുന്നതാണ് എന്ന് അയാൾക്ക്."പ്രകടമാക്കാത്ത സ്നേഹം ജൂവനറ്റ ശരൂരത്തിന് നൽകുന്ന അന്ത്യചുംബനം". രണ്ടും അറിയേണ്ട അവൾ തിരിച്ചറിയാതെ കാലം കഴിക്കും

പിന്നീട് ആ ഡയറി മറിച്ചുനോക്കുവാൻ അയാൾക്ക് ധൈര്യം ഉണ്ടായില്ല. എങ്കിലും അയാൾ വിശ്വസിച്ചു.അവളെ ഇനി ഒരു ജന്മമുണ്ടെങ്കിൽ തിരികെ ലഭിക്കുമെന്ന് . ആഗ്രഹം നിരർത്ഥമെങ്കിലും കുറ്റബോധത്തെ ശമിപ്പിക്കാൻ...........



# ഇന്നത്തെ മുള്ള് നാളത്തെ പൂവ്



ഇഷിത ഫിലിപ്പ് 9A

ഒരുകൊച്ചുകുട്ടി ദിവസവും ദൈവത്തോട് ഒരുപൂവും ഒരുചിത്രശലഭനല്കാൻ ആവശ്യപ്പെട്ടും . ഒരു ദിവസം  ഒരു മാലാഖ അവളുടെ അടുത്ത് വന്ന് ഒരു ചെടികമ്പ് കൊടുത്തു . എന്നിട്ട് പറഞ്ഞു ഈശോ നിന്നെ സ്നേഹിക്കുന്നു . .....മാലാഖപോയിക്ക ഴിഞ്ഞ് തന്റെ കൈയിൽ ഉണ്ടായിരുന്ന കമ്പു ശ്രദ്ധിച്ചപ്പോൾ അവൾക്ക് ദേഷ്യം വന്നു.... കാരണം അതിൽ നിറയെ മുള്ളുകളായിരുന്നു. പക്ഷേ ഈശോ തന്നത് അല്ലേ എന്ന് ഓർത്ത് മണ്ണിളക്കി കുഴിച്ചുവെച്ചു.

കുറച്ച് നാളുകൾ കഴിഞ്ഞപ്പോൾ അവളുടെ റോസച്ചെടിയിൽ രണ്ട് റോസാപ്പൂക്കൾ വിരിഞ്ഞു. അതിന്റെ ചുറ്റം നിറയെ മനോഹരമായ ചിത്രശലഭങ്ങളും......

ഇതുപോലെ ദൈവം തരുന്ന റോസാക്കമ്പുകളാണ് നമ്മുടെ ചുറ്റുപാടുമുള്ളവർ.അവരുടെ കുറവുകളും കുറ്റങ്ങളും മാത്രം ശ്രദ്ധിച്ച് അവരെ ഉപേക്ഷിക്കാതെ സ്നേഹത്തോടെ സ്വീകരിച്ചാൽ കുറെക്കാലം കഴിഞ്ഞ് അവരുടെ നന്മകൾ നമുക്ക് ലഭിക്കും. അതിനാൽ കണ്ടുമുട്ടുന്ന എല്ലാവരെയും സ്നേഹിച്ച് ചെടിക്ക് വെള്ളം ഒഴിക്കുന്നതുപോലെ അവർക്കുവേണ്ടി കൊച്ചു കൊച്ചു ത്യാഗങ്ങൾ ചെയ്തു പ്രാർത്ഥിക്കാം . അപ്പോൾ ഈശോ ആ കൊച്ചുകുട്ടിയ്ക്ക് മനോഹരമായ ചിത്ര ശലഭങ്ങളെ നൽകിയതുപോലെ നമ്മുക്കും മനോഹരമായ സമ്മാനങ്ങൾ നൽകും.




# ഒരു അവധിക്കാലം



അലീന അജിമോൻ, 9B
ലിറ്റിൽ കൈറ്റ്സ് മെമ്പർ

അഭിനന്ദും നന്ദനയും ഇന്ന് വളരെ സന്തോഷത്തിലാണ്. അവധിയായതു കൊണ്ട് അവർ തങ്ങളുടെ അമ്മയുടെ നാട്ടിൽ പോവു കയായിരുന്നു അ വർ വെളുപ്പിനു ഉണർന്നു ." മക്കളെ വേഗം കുളിച്ചോളൂ". വസ്തുങ്ങൾ അടുക്കി വയ്ക്കുന്നതിനിടയിൽ അമ്മ പറഞ്ഞു .ബാഗുമെടുത്ത് ആ റാം

നിലയിൽ നിന്ന് പടികൾ ഇറങ്ങി .എല്ലാവരും കാറി നടുത്തെ ത്തി. തിരക്കിലൂടെ കാർ മുന്നോട്ട് നീങ്ങി .വീതിയേറിയ റോഡ്, തലങ്ങും വില ങ്ങും പായുന്ന വാഹനങ്ങൾ.ഇരുവശത്തും കൂറ്റൻ കെട്ടിടങ്ങൾ കാൽനടക്കാ രും വാഹനങ്ങൾ ആകെ ബഹളം റോഡരികിലെ സിഗ്നൽ പോസ്റ്റിൽ ചുവന്ന വെളിച്ചം തെളിഞ്ഞ തോടെ അച്ഛൻ കാർ നിർത്തി. പച്ചവെളിച്ചം തെളിഞ്ഞു നിരനി രയായി നിൽക്കുന്നവാഹനങ്ങൾ മുന്നോട്ടു നീങ്ങി .കാർപാലത്തി ലേക്കു കയറി .താഴെ നിറഞ്ഞൊഴുകുന്ന പുഴ .തോണിയിലിരുന്ന് മീൻ പിടിക്കുന്നവരെ നോക്കി അവർ കൈവീശി .അഭിനന്ദും നന്ദ നയും കാഴ്ചകൾ കണ്ടു രസിച്ചു .കാർ നാട്ടിൻ പുറത്തെത്തി റോഡിലെ തിരക്കു കുറഞ്ഞു .ഇരുവശത്തും ധാരാളം മരങ്ങൾ , ഭംഗിയുള്ള കൊച്ചു കൊച്ചു വീടു കൾപച്ച വിരിച്ച പാടങ്ങൾ അങ്ങകലെ ഉയർന്ന മലകൾ. പാടത്തിനു നടുവിലൂടെ കളം കളം ഒഴുകുന്ന തോട്.വരമ്പിൽ നിരന്നു നിൽക്കുന്ന വെള്ളക്കൊക്കുക ൾ.ഇവയെല്ലാം കണ്ടപ്പോൾ അവർക്ക് വളരെ സന്തോ ഷമായി. അങ്ങനെ വഴികൾ താണ്ടി അവർ അമ്മയുടെ വീട്ടിലെത്തി. അവിടെ ചെന്നപ്പോൾ മാഞ്ചുവട്ടിൽ കുറച്ചു കുട്ടികളുടെ ബഹളം കേട്ടു .അഭിനന്ദും നന്ദനയും അങ്ങോട്ട് ഓടി .അവരുടെ അടുത്തുള്ള വീട്ടിലെ കുട്ടികൾ കളിക്കുക യായിരുന്നു .അവരും ആ കുട്ടികളുടെ കൂടെകളിക്കുവാൻ തുടങ്ങി . അങ്ങനെ ഉച്ച കഴിഞ്ഞു .സമയം പോയത് അവർ അറിഞ്ഞില്ല. പിന്നെ അവർ സന്തോഷത്തോടെ അവർ വീട്ടിലേക്ക് മടങ്ങി .



# പൂമ്പാറ്റകളുടെ റാണി



അമന്യ അശോക്, 9 B
ലിറ്റിൽ കൈറ്റ്സ് മെമ്പർ

പൊന്നരികാവിൽ മഴവില്ലിന്റെ നിറമുള്ള ഒരു അഴകിപ്പൂ മ്പാറ്റ പാർത്തിരുന്നു .അവളെ കാണാൻ എന്തു ഭംഗിയായിരുന്നെന്നോ!കുറേക്കാലം കഴിഞ്ഞപ്പോൾ അഴകിപ്പൂമ്പാറ്റയ്ക്ക് ഒരു കുഞ്ഞോമന പിറന്നു.പക്ഷേ,അവളെ കാണാൻ ഒരു ചന്തവുമുണ്ടാ യിരുന്നില്ല.വെറുതെ ഒരു തവിട്ടു പൂമ്പാറ്റ!ഹയ്യേ!ഇവളേ എന്തിനു കൊള്ളാം വൃത്തികെട്ട ജന്തു! മറ്റു പൂമ്പാറ്റകൾ കുഞ്ഞിപ്പൂമ്പാറ്റയെ കളിയാക്കി.ഇതു കേട്ട് കുഞ്ഞിപ്പൂമ്പാറ്റ വല്ലാതെ സങ്കടപ്പെട്ടു.ഒരു ദിവസം പൂമ്പാറ്റ ആകാശത്തോടു ചോദിച്ചു: "നീലാകശമേ,എനിക്ക് നിന്റെ നിറം തരാമോ?"നീലകാശം അവൾക്ക് നിറം കൊടുത്തില്ല.അവൾ പച്ചിലക്കാടിനോടു ചോദി ച്ചു:"പച്ചിലക്കാടേ, എനിക്ക് നിന്റെ

നിറം തരാമോ ?"'പച്ചിലക്കാട് അവൾക്ക് നിറം കൊടുക്കാൻ കൂട്ടാക്കിയില്ല.അവൾ അതുവഴി വന്ന മഞ്ഞക്കിളിയോടും നിറം ചോദി ച്ചു.മഞ്ഞക്കിളിയും നിറംകൊടുക്കാൻ കൂട്ടാക്കിയില്ല .കുഞ്ഞിപ്പൂമ്പാറ്റ പറന്ന് ഒരു ചെമ്പരത്തികാടിന്റെ അരികിലെത്തി.നിറയെ ചുവന്നുതുടുത്ത

ചെമ്പരത്തിപ്പൂക്കൾ!"ചെമ്പരത്തിപ്പൂവേ എനിക്ക് നിന്റെ നിറം തരാമോ?""ഇല്ലില്ല ഞാൻ നിറം തരില്ല വേഗം പൊയ്ക്കോ ചെമ്പരത്തിപൂവ് മുഖം ചുവപ്പിച്ചു.പാവം കുഞ്ഞിപ്പൂമ്പാറ്റ പറന്ന് തളർന്ന് കടൽത്തീരത്ത് എത്തി.അപ്പോൾ പെട്ടെന്ന് മഴമേഘങ്ങൾ ഇരുണ്ടു കൂടാൻ തുടങ്ങി.അവൾ

അവിടെയിരുന്ന് ഉറക്കെ പൊട്ടിക്കരഞ്ഞു!കുഞ്ഞിപ്പൂമ്പാറ്റയുടെ കരച്ചിൽ അതുവഴി വന്ന മഴദേവത കേട്ടുദേവത പറഞ്ഞു:കുഞ്ഞിപ്പൂമ്പാറ്റേ നീ വിഷമിക്കേണ്ട! ഇപ്പോൾ ഞാൻ മാനത്ത് മഴവില്ല് വരയ്ക്കും.അപ്പോൾ നിനക്ക് ഞാൻ മഴവില്ലിന്റെനിറം തരാം.താമസിയാതെ ആകാശത്തിൽ ഏഴഴകുള്ള മഴവില്ല് തെളിഞ്ഞു.മഴദേവത കുഞ്ഞിപ്പൂമ്പാറ്റയുടെ ചിറകിന് മഴവില്ലിന്റെ നിറം നല്കി.ദേവത അവളെ അനു ഗ്രഹിച്ചു വിട്ടു."ഇനിമേൽ നീയായിരിക്കും പൂമ്പാറ്റകളുടെ റാണി."



# സന്തോഷമുള്ള പക്ഷി

അനസ് ബെന്നി,9B

*ലിറ്റിൽ കൈറ്റ്സ് മെമ്പർ*



മഹോദയപുരം എന്ന രാജ്യത്തെ രാജാവാണ് ഇന്ദ്രവർമ്മൻ. ആളുകൾ തന്നെ പുകഴ്ത്തി സംസാരിക്കുന്നത് അദ്ദേഹത്തിന് വലിയ ഇഷ്ടമുള്ള കാര്യമാണ്.രാജാവിന്റെ ഈ സ്വഭാവം അറിയുന്നവർ എന്നും വന്ന് മുഖസ്തുതി പറഞ്ഞ് ഓരോ കാര്യം സാധിച്ചെടുക്കുന്നത് പതിവായിരുന്നു. ഒരിക്കൽ ഒരു സഞ്ചാരി രാജാവിന് ഒരു പഞ്ചവർണ്ണക്കിളിയെ കൊടുത്തു.അന്നാട്ടിലൊന്നും കാണാത്ത ഒന്ന്. രാജാവ് സ്വർണം കൊണ്ട് ഒരു ക്രൂട് പണിയിച്ച് പഞ്ചവർണ്ണക്കിളിയെ അതിനകത്തിട്ടടച്ചു. കുടിക്കാൻ സ്വർണത്തളികയിൽ മധുരമുള്ള പഴങ്ങൾ! നമ്മുടെ രാജ്യത്തെ ഏറ്റവും സന്തോഷിക്കുന്ന പക്ഷി ഈ പഞ്ചവർക്കിളിയായിരിക്കും. അല്ലേ? രാജാവ് സദസ്യരോടു ചോദിച്ചു. പ്രഭോ നമ്മുടെ രാജ്യത്തെ ഏത് പക്ഷിക്കാണ്

ഇങ്ങനെയൊരു ഭാഗ്യം കിട്ടുക! സദസ്സിലുള്ളവർ പറഞ്ഞു.രാജഗുരു

ഇതെല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു.രാജഗുരു രാജകുമാരനെ മുന്നോട്ടു നീക്കി നിർത്തി ചോദിച്ചു. ഈ രാജ്യത്തെ ഏത് പക്ഷിയാണ് ഏറ്റവും സന്തോഷിക്കുന്നത് കുമാരാ?

രാജകുമാരൻ പറഞ്ഞു.മുറ്റത്തെ ആ കാക്കയാണ് ഈ പക്ഷിയേക്കാൾ സന്തോഷം. അതിന് എങ്ങോട്ടുവേണമെങ്കിലും പറക്കാമല്ലോ! രാജഗുരു പറഞ്ഞു. പ്രഭോ. അങ്ങ് എന്നും കേട്ടുകൊണ്ടിരിക്കുന്ന മുഖസ്തുതികളും ഈ സ്വർണ്ണക്കൂടുപോലെയാണ്. ഭംഗിയുണ്ടെന്നു തോന്നും. പക്ഷേ യഥാർത്ഥജീവിതവും സ്വാതന്ത്ര്യവും അനുഭവിക്കാൻ ആ കൂടിന്റെ പുറത്തേക്കു വരണം! അന്നുമുതൽ രാജാവ് മുഖസ്തുതിക്കാരെ അകറ്റി നിർത്താൻ തുടങ്ങി.



## നിറങ്ങളുടെ ലോകം



*അഞ്ചന പി .എസ് , 9B*
*ലിറ്റിൽ കൈറ്റ്സ് മെമ്പർ*

പണ്ട്പണ്ട് പക്ഷികൾക്കെല്ലാം കറുപ്പ്നിറമായിരുന്നു.ആദ്ദുഃഖത്തിലായിരുന്ന പക്ഷികൾ പാടുകയോ,ആടുകയോചെയ്തില്ല. പക്ഷികളുടെ ദ്ദുഃഖം മനസിലാക്കിയ ഈശ്വരൻ പക്ഷികൾക്ക് എല്ലാം അവയ്ക്ക് എല്ലാം ഇഷ്ടമുള്ള നിറം തിര

ഞ്ഞടുക്കാൻ ഒരവസരംനൽകി. എല്ലാവർക്കുംഒത്തിരി സന്തോഷ

മായി.എല്ലാവരുംകളിച്ചൊരുങ്ങി മിന്നാമിന്നിക്കാടിന്റ സ മീപം

എത്തുക,എന്ന് ദൈവംഅറിയിച്ചു. സന്തോഷത്തോടെ എത്തിയ പക്ഷികൾ ഓരോരുത്തരുതങ്ങൾക്ക് ഇഷ്ടമുള്ളനിറങ്ങൾ ദേഹ ത്തുപുരട്ടി,സുന്ദരന്മാര,സുന്ദരിയുമായ.തനിറത്തിൽ മുങ്ങികുളിച്ചു. അതുകണ്ട്മഞ്ഞക്കിളിമഞ്ഞപാത്രത്തിലേക്ക്എടുത്ചാടി. മയിൽ വളരെശ്രദ്ധാപൂർവ്വംപീലിയിൽമനോഹരമായവർണ്ണ ചിത്ര മെഴു തി.അങ്ങനെകിളികളെല്ലാം തങ്ങൾക്ക്ഇഷ്ടമുള്ള നിറവുമായി സ ന്തോഷത്തോടെ മടങ്ങി. എന്നാൽ കാക്കയുടെ കൂട്ടിൽ മുട്ടയിടാൻ പോയ കള്ളിക്കുയിൽ അവനു മായി ശണ്ഠ കൂടിസമയം കളഞ്ഞു.നിറത്തിന്റെ കാര്യം ഓർത്ത കുയില് എത്രയുംപെട്ടന്ന് അവിടേക്ക് പോയി.എന്നാൽ കളിക്കാതെ എത്തിയതിനാൽ നിറത്തിൽ തൊടാൻപോലുമുള്ള അനുവാദം കുയിലിന് കിട്ടി യില്ല. കാക്ക എന്തു ചെയ്യുന്നോ, വേഗം തന്നെ അടുത്ത് കണ്ട ഇത്തിരി വെള്ളത്തിൽ ചിറകടിച്ചുകളിച്ചു.ഉടൻതന്നെമിന്നാമിന്നി ക്കാട്ടിലേക്ക്പറന്നു.

പക്ഷേകാക്കഎത്തിയപ്പോഴേക്കും നിറങ്ങൾ എല്ലാം തീർന്നു പ്പോയിരുന്നു.അന്നുമുതൽ വെള്ളം കണ്ടാൽകുളി ക്കുകയും കാ ണുന്ന പാത്രങ്ങളിൽ എല്ലാം എത്തിനോക്കി നിറം അന്വേ ഷിക്കുകയും ചെയ്യുകൊണ്ടേയിരുന്നു.




# മാവിൻ ചുവട്ടിലെ അപ്പൂപ്പൻ



*അഞ്ജന ഷിജി ,9 B*
*ലിറ്റിൽ കൈറ്റ് സ് മെമ്പർ*

ഗോപു അതിരാവിലെ തന്നെ എഴുന്നേറ്റു.അവൻ അച്ഛനും അമ്മയും അറിയാതെ പുറത്തേക്കിറങ്ങി.നേരം വെളുത്തുവരുന്നതേയുള്ളു.മാമ്പഴം പെറുക്കാൻ വേണ്ടിയാണ് അവൻ പോകുന്നത്. എല്ലാദിവസവും അവൻ ചെല്ലുമ്പോഴേക്കും മാമ്പഴമെല്ലാം കുട്ടുകാർ പെറുക്കിയെടുത്തിരിക്കും. ഒന്നോ രണ്ടോ മാമ്പഴമേ അവന്കിട്ടുകയുള്ളു. ഇന്ന് അവന് കൈനിറയെ മാമ്പഴം കിട്ടി. അവൻ അതുമായി വീട്ടിലേക്ക് പോയി.രാവിലെ  ചായകുടിച്ച് അവർ എന്നും കൂടാറുള്ള മാവിൻ

ചുവട്ടിൽ എത്തി.എല്ലാവരും അവിടെ എത്തിയിട്ടുണ്ട്.നിങ്ങളറിഞ്ഞോ ആ ഒഴിഞ്ഞുകിടന്ന വീട്ടിൽ താമസത്തിനായി ഒരപ്പൂപ്പൻ വന്നിട്ടുണ്ട്.മനു പറഞ്ഞു.പെട്ടന്നാണ് ഒരു ശബ്ദമുയർന്നത്

ആരെടാ അവിടെ അവർ പകച്ചുപോയി നോക്കിയപ്പോൾ ഒരപ്പൂപ്പൻ .അപ്പൂപ്പനാണെങ്കിലും ശക്തിക്ക് കുറവൊന്നുമില്ല. കൈയി ലൊരുവടിയുമുണ്ട്.അവർ ഓടുന്നില്ല എന്നു
കണ്ടപ്പോൾ കല്ലെടുത്ത് എറിയാൻ തുടങ്ങി.പിന്നെ ഓടാതിരിക്കാൻ പറ്റില്ലല്ലോ.അവർ കുറേ ദൂരം ഓടിയിട്ട് തിരിഞ്ഞ് നോക്കി.അപ്പൂപ്പൻ വിളിച്ചുപറഞ്ഞു." ഇനിയിവിടെ വന്നാ എല്ലാത്തിന്റെയും കാല് ഞാൻ തല്ലിയൊടിക്കും പറഞ്ഞേക്കാം".അവർ ഒന്നും പറയാതെ വീട്ടിലേക്ക് പോയി.പിറ്റേന്ന് രാവിലെ കുട്ടികളെല്ലാം
കുടിമാവിന്റെയടുത്ത് ചെന്നപ്പോൾ വടിയും പിടിച്ച് അപ്പൂപ്പൻ അവിടെ കുത്തിയിരിക്കുന്നു.അവരെ കണ്ടപ്പോഴേ അപ്പൂപ്പൻ ചാടിയെഴുന്നേറ്റു."പൊക്കോണം എല്ലാവരും"എന്ന് പറഞ്ഞ് അലറി."ഇനി ഒരൊറ്റ മാങ്ങ കിട്ടുമെന്ന് തോന്നുന്നില്ല".ഗോപു പറഞ്ഞു."ഈ അപ്പൂപ്പനെ ഓടിക്കാനെന്താണൊരു വഴി"മീനു ചോദിച്ചു."അതിനൊരു വഴിയുണ്ട് "ദീപു പറഞ്ഞു.അപ്പുറത്തെ തോട്ടത്തിൽ ഗണേശൻ മന്ത്രവാദി കൊണ്ടിടുന്ന മനുഷ്യരൂപങ്ങൾ ഓരോരോ ശത്രുക്കളെ ഓടിക്കാൻ വേണ്ടിയാണ് ".അതെടുത്ത് മാവിന്റെയടുത്ത് ഇട്ടാ മതി അയാള് ഓടിക്കോളും.എന്നാ ഇന്നു തന്നെ നമുക്ക് കൊണ്ടുവയ്ക്കാം ദേവു പറഞ്ഞു.മനുവും ദീപുവും പോയി രൂപങ്ങൾ എടുത്തുകൊണ്ടു വന്നു.ദീപു രൂപ ത്തിൽ ഊതി.അതെന്തിനാ ഗോപു ചോദിച്ചു ശക്തി ലഭിക്കാനാ.ദീപു പറഞ്ഞു എന്നിട്ട് അവരത് കൊണ്ടു പോയി മാവിന്റെ ചുവട്ടിൽ ചാരിവച്ചു.ഇനിയെല്ലവരും രണ്ടു ദിവസം കഴിയുമ്പോൾ വന്നാ മതി.ദീപു പറഞ്ഞു.അങ്ങനെ രണ്ട് ദിവസംകഴിഞ്ഞ് അവർ പിന്നെയും ഒ ത്തുകൂടി.ദീപു ഓടിവന്ന് രഹസ്യമായി പറഞ്ഞു.

ആ അപ്പൂപ്പൻ ആശുപത്രിയിലാ ഊതിയത് ഇച്ചിരികൂടി പോയെന്ന് തോന്നുന്നു.നമുക്കതെടുത്തു കളഞ്ഞേക്കാം.ദീപു പറഞ്ഞു.എന്നിട്ട് അവൻ തന്നെ രൂപങ്ങൾ എടുത്ത് കളഞ്ഞു.



# വികൃതി മാറി



അയിന മാത്യൂ 9 B
ലിറ്റിൽ കൈറ്റ്സ് മെമ്പർ

കാട്ടിൽ വികൃതിയായ ഒരു കുരങ്ങനുണ്ടായിരുന്നു. അവന്റെ പേര് മിങ്കു എന്നായിരുന്നു.അവൻ കാട്ടിലെ എല്ലാ മൃഗങ്ങളെയും ഉപദ്രവിക്കും. അതുകൊണ്ട് ആർക്കും അവനെ ഇഷ്ടമായിരുന്നില്ല. ഒരിക്കൽ അവൻ കാട്ടിലെ മരങ്ങൾക്കിടയൽ ചാടി കയറി

നന്നായികളിക്കുകയായിരുന്നു. അപ്പോഴാണ് മരത്തിന്റെ ഇടയിൽ കയറി കിടന്നുറങ്ങുന്ന, തിമ്പു എന്ന ആനക്കുട്ടിയെ കണ്ടത്.പെട്ടെന്ന് അവൻ ചാടി തിമ്പു കിടന്നുറങ്ങുന്ന മരത്തിലെത്തി.മരത്തിന്റെ

ചില്ലയിലിരുന്നു കൊണ്ട് അവൻ വിചാരിച്ചു.ഈ തടിയനെ ഒന്നു പേടിപ്പിക്കാം!എന്നിട്ട് തിമ്പന്റെ പുറത്തേക്ക് പോത്തോന്നു വീണു. പേടിച്ചുപോയ തിമ്പൻ "യ്യോ.....ആകാശം ഇടിഞ്ഞു വീണേ"എന്നു നിലവിളിച്ചു കൊണ്ടോടി.ഓട്ടത്തിനിടയിൽ തിമ്പുവിന്റെ പുറത്തിരുന്ന മിങ്കു താഴേക്ക് വീണു.വീഴ്ചയിൽ മിങ്കുവിന്റെ നടുവൊടിഞ്ഞു .
'യ്യോ............എന്റെ നടുവൊഞ്ഞേ".മിങ്കു നിലവിളിച്ചു.
ഇതെല്ലാം കണ്ടുകൊണ്ടിരിക്കുകയായിരുന്നു പുഴ കടവിലെ ആമച്ചാർ, മിങ്കു കുറെ ഉപദ്രവിച്ചിട്ടുണ്ട് ആമച്ചാരെ,അതൊന്നും മനസ്സിൽ വയ്ക്കാതെ ആമച്ചാർ മിങ്കുവിനെ സഹായിക്കാൻ തയാറായി.
മിങ്കുവിനെ മൂങ്ങ വൈദ്യരുടെ അടുത്തുക്കൊണ്ടുപ്പോയി, മരുന്നു വാങ്ങി കൊടുത്തു. അപ്പോൾ മിങ്കു ഓർത്തു "താൻ എത്തുമാത്രം ക്രൂരമായി ഉപദ്രവിച്ചിട്ടുണ്ട്,ആമച്ചാരെ. എങ്കിലുംതന്നെ സഹായിക്കാൻ അവസാനം ആമച്ചാർ മാത്രമെയുണ്ടായിരുന്നുള്ളു.” മിങ്കുവിന്റെ കണ്ണു നിറഞ്ഞു.
കുറച്ച് നാളുകൾക്ക് ശേഷം മിങ്കുവിന്റെ അസുഖം ഭേദമായി, അവൻ പഴയിതുപ്പോലെ മരത്തിൽ ചാടിക്കളിക്കാൻ തുടങ്ങി.പീന്നിടൊരിക്കലും അവൻ ആരെയും ഉപദ്രവിച്ചിട്ടില്ല.മറ്റുള്ളവരെ സഹായിക്കുക മാത്രമാണ് ചെയ്യുത്.





# മാന്ത്രിക ചക്ക

ബിഞ്ചു കുര്യാക്കോസ്, 9 B
ലിറ്റിൽ കൈറ്റ്സ് മെമ്പർ

ഇക്കുസും മക്കുസും വലിയ കളിക്കൂട്ടുകാരയിരുന്നു. ഇരുവരും ഒരു സമയത്ത് ജനിക്കുകയും, ഇരട്ടകളെപ്പോലെയാണ് കാണികൾക്ക് തോന്നിയിരുന്നത്. ബീബു ബൈല്ലെ എന്ന വില്ലയിലായിരുന്നു ഇവരുടെ താമസം. ഇവർക്ക് ചക്കയോട് വലിയ ഇഷ്ടമായിയുന്നു. അതുപോലെ തന്നെ വില്ലയിൽ വെച്ച് നടന്ന ചക്ക മേളയിൽ ഇവരുടെ ടീമിനായിരുന്നു ഒന്നാം സ്ഥാനം. ഇവർക്ക് പഠിക്കാൻ ഇഷ്ടമാണ്, പക്ഷേ പഠനത്തിൽ അത് ഇല്ല.

ഇങ്ങനെയിരിക്കെ ഒരിക്കൽ ഇവർ മഞ്ചാടികുന്നിലേക്ക് സൈക്കിൾ ചവിട്ടി പോകുകയായിരുന്നു. പെട്ടെന്നാണ് ഒരു വലിയ കാറ്റ്

ആഞ്ഞടിച്ചത്. ഇവരെ രണ്ടുപേരെയും, സൈക്കിളിനെയും കാറ്റ് പറിപ്പിച്ചു കൊണ്ടുപോയി. ഇവർ രണ്ടുപേരും ഉരുണ്ട് കാട്ടിലേക്ക് ചെന്ന് എത്തി. ഇക്കുസും

മക്കുസും ഒരു മരത്തിൽ ചെന്നാണ് ഇടിച്ചത്, കുറച്ച് കഴിഞ്ഞപ്പോൾ ഇരുവരും എഴുന്നേറ്റു. ഇക്കുസിന് ഈ മരം എതാണെന്ന് കണ്ടുപ്പിടിക്കാൻ ഒരു പൂതി തോന്നി. ഉടനെ മക്കുസ് ഇക്കുസിനോട് ചോദിച്ചു,"എടാ...... നിനക്ക് എന്താ,വല്ല വട്ടുമുണ്ടോ?.സമയം എത്രയായന്ന് അറിയാമോ, വാ... , നമ്മുക്ക് പോകാം. അപ്പോൾ ഇക്കുസ് "എടാ...., കിട്ടിപ്പോയി, ഇത് പ്ലാവ് ആടാ..........!," മക്കുസ് ചോദിച്ചു"പ്ലാവോ...., അതും ഈ കാട്ടിലോ.....! ഒന്ന് പോയെടാ......, സത്യം നീ ഈ മരത്തിന്റെ മണ്ടയിലേക്ക് ഒന്ന് നോക്കിയേ, നല്ല തേൻ വരിക്ക!, കണ്ടോ. ഇക്കുസെ, വായിൽ വെള്ളമൂറുന്നു!. വാ...നമ്മുക്ക് ഇത് അങ്ങ് പറിച്ചാലോ, വലിയ വലുപ്പം ഒന്നും ഇല്ല, എന്നാ മക്കുസ് ഇങ്ങ് പറിച്ചോ.

അയ്യോ.....................!

എന്താ! ,ഇത് പറിക്കാൻ പറ്റുന്നില്ല, ഇത് എന്ത് വല്ലോ പ്ലാസ്റ്റിക്ക് ആണോ? എന്തായാലും ഇന്ന് ഇനി വേണ്ട, നാളെ വരാം. മ് അതു മതി. അവര് രണ്ടുപേരും കൂടി വീട്ടിലേക്ക് പോയി. പീറ്റേ ദിവസം അവര് വീണ്ടും അതേ സ്ഥലത്ത് എത്തി.മക്കുസ് പറഞ്ഞു"ഇത് ഇന്ന് പറിച്ചെടുത്തിട്ടെ ബാക്കിയെയിള്ളു, എന്ന് പറഞ്ഞ് അവര് കത്തിയായിട്ടാണ് വരവ്. ഇവർ സാഹസികമായി അത് മുറിച്ചെടുത്തു. പെട്ടന്ന് ! ആ ചക്കയിൽ

നിന്നിതാ....... അതിൽ നിന്ന് പുക വരുന്നു.!, ഇവര് അത് വേഗം നിലത്തിട്ടു. അപ്പോൾ ഇതാ.... അതിൽ നിന്ന് ശബ്ദം പുറത്തു വരുന്നു!, അത് ഇങ്ങനെയായിരുന്നു,"പേടിക്കേണ്ട ചങ്ങായിമ്മാരെ, ഞാൻ നിങ്ങടെ സ്വന്തം മാന്ത്രിക ചക്കയാണ്, നിങ്ങളാണ് എന്നെ ഈ പ്ലാവിൽ നിന്ന് മോചിപ്പിച്ചത്, ഇനി ഞാൻ

നിങ്ങളുടെ ആജ്ഞപ്രകാരമെ

നിൽക്കു...”. എന്ത് വേണമെങ്കിലും പറഞ്ഞോ,ഞാൻ അതു പോലെ തന്നെ കേൾക്കാം.
ഇക്കുസിനും,മക്കുസിനും ഇത് വിശ്വസിക്കാൻ ആയില്ല.അവര് ഇതെല്ലാം
ഒരു അത്ഭുതമായി കണ്ടു.മക്കുസ് ചോദിച്ചു ഹലോ മാന്ത്രിക ചക്കേ, നീ എന്ത് പറഞ്ഞാലും ചെയ്യുവോ,ചക്ക പറഞ്ഞു"ആമ്, ഞാൻ എന്ത് പറഞ്ഞാലും കേൾക്കാം,നിങ്ങൾ എന്റെ കൂട്ടുകാരാല്ലേ. ഇക്കുസിനും മക്കുസിനും ഇത് ഒന്നും വിശ്വാസിക്കാൻ ആയില്ല.അവര് ഇതെല്ലാം ഒരു അത്ഭുതമായി കണ്ടു.മക്കുസ് മന്ത്രിക ചക്കയോട് ചോദിച്ചു"ഹലോ മന്ത്രിക ചക്കേ,നീ എന്തു പറഞ്ഞാലും ചെയ്യുവോ? ചക്ക അതിന് "ആമ്" എന്ന് മറുപടി പറഞ്ഞു. "എന്നാലെ നീ ഞങ്ങൾക്ക് രണ്ടു ചക്ക ജൂസ് എടുത്തേ, നിന്നെ പറിച്ചത്തിന്റെ ക്ഷീണം ഒന്നു മാറട്ടെ. എന്ന ചങ്ങായിമരെ പിടിച്ചോ എന്ന് പറഞ്ഞശേഷം ചക്ക മന്ത്രം ചൊല്ലി നിമിഷങ്ങൾകകം ഇരുവരുടെയും കൈയിൽ ജൂസ് എത്തി ,അപ്പോ

അവർക്ക് ആകാംക്ഷയായി, ഇക്കുസ് മക്കുസിനോട് പറഞ്ഞു"ഇവന്റെ കാര്യം ആദ്യം കൂട്ടുകരോട് പറയാം ശേഷം വീട്ടിൽ പറയാം"കുറച്ചു സമയങ്ങൾക്കു ശേഷം മക്കുസും സമ്മതം അറിയിച്ചു.അവർ ചക്കയെ ബാഗിലിട്ട് വീട്ടിലേക്ക് പോയി.

പിറ്റേന്ന് അവർ ചക്കയെ സ്ക്കൂളിലേക്ക് കൊണ്ടു പോയി, കൂട്ടുകാരോട് ചക്കയെക്കുറിച്ച് പറഞ്ഞു. കൂട്ടുകാർ വിശ്വാസിച്ചില്ല.ചക്ക പറഞ്ഞു "ഞാൻ അതിനു ഒരു വഴി കണ്ടെത്തിയിട്ടുണ്ട്,നിങ്ങൾ ചെന്ന് നിങ്ങുടെ

കൂട്ടുകാരോട് അവരുടെ ഹോമ് വർക്ക് കാണിക്കാൻ പറ,അപ്പേ കാണാം രസം".ശരി, ഞങ്ങൾ നീ പറഞ്ഞ പോലെ ചെയ്യാം എന്ന് അവർ പറഞ്ഞു.അവർ അതുപോലെ ചെയ്തു. കൂട്ടുകാരുടെ പുസ്തകങ്ങളിൽ ഹോമ് വർക്ക് കണ്ടില്ല. ഇവർ കൂട്ടുകാരോട് പറഞ്ഞു "ഞങ്ങളുടെ മന്ത്രികച്ചക്ക നിങ്ങളുടെ മാഞ്ഞു പോയ ഹോമ് വർക്ക് ചെയ്തുതരും.ഒന്നു കാണട്ടെ, ശേഷം മന്ത്രികച്ചക്ക എല്ലാവരുടെയും മുൻമ്പിൽ വെച്ച് ഹോമ് വർക്ക് ചെയ്തു.അങ്ങനെ മന്ത്രികച്ചക്ക സ്കൂളിലും വീട്ടിലും പ്രശസ്തി നേടി.





# പാദസ്വരം


ബിനി സാബു 9B
ലിറ്റിൽ കൈറ്റ്സ് മെമ്പർ

ശക്തമായ മഴയുടെ ഇരമ്പൽ മിന്നുവിന്റെ കാതുകളിൽ മുഴങ്ങികൊണ്ടിരുന്നു.എങ്കിലും ആ അഞ്ചുവയസ്സുകാരി ജനാല കമ്പികളിൽ പിടിച്ചു പുറത്തേക്ക് കണ്ണും നട്ടുനിന്നു.അകലെ നിന്ന് തീവണ്ടിയുടെ ചൂളം വിളിയും ഇടിമിന്നലും അവളെ ഭയപ്പെടുത്തിയിരുന്നു. തനിക്ക്പിറന്നാൾ സമ്മാനം വാങ്ങാൻ പോയിരിക്കുന്ന അമ്മയെ കാത്ത് ഒരു രാത്രി മുഴുവൻ ജനാലകൈകളെ തഴുകി അവൾ അവിടെ നിന്നു.രാവിലെയായിട്ടും അമ്മ വന്നില്ല.സ്കൂൾ ബസ് വന്നുകഴിഞ്ഞിരുന്നു.അവൾ എന്തുചെയ്യണമെന്നറിയാതെ പുറത്തേക്ക് നോക്കി നിന്നു.സ്കൂൾ ബസ് ഹോണടിച്ച് അവളെയും വീടിനെയും കടന്നുപോയി.അനന്തതയിൽ അവളെയും അമ്മയെയും ഉപേക്ഷിച്ച് അവളുടെ അച്ഛനും പോയിരുന്നു .കുടുംബത്തിനു വേണ്ടി ഗൾഫിൽ ജോലിച്ചെയ്യുകയായിരുന്ന അച്ഛൻ തിരിച്ചുവരുന്ന വഴിക്ക് ഒരുവിമാനപകടത്തിൽ മരണത്തിനു കീഴടങ്ങി.അതിനുശേഷം എല്ലാവരും അവളെയും അമ്മയെയും ഉപേക്ഷിച്ചു.പിന്നെ അമ്മ വളരെ

കഷ്ടപ്പെട്ടാണ്  അവളെ വളർത്തിയത്. അത് ഓർത്തിരിക്കെയാണ് പെട്ടെന്ന് പാത്രം വീഴുന്ന ശബ്ദം അവൾ കേട്ടത് ആ കുരുന്നു കാലുകൾ പിച്ചവെച്ച് തന്റെയമ്മയാണെന്ന് കരുതി അടുക്കളയിലേക്ക് ഓടി.പക്ഷേ പൂച്ച തട്ടിയിട്ട എണ്ണപാത്രം അവൾ ശ്രദ്ധിച്ചില്ല.കാലുകൾതെന്നി, തലഭിത്തിയിൽ മുട്ടി ചോരഒഴുകി കൊണ്ടിരുന്നു . ബോധംമറയുന്നതുവരെ അവൾ ഒരു കാര്യം പറഞ്ഞുകൊണ്ടിരുന്നു"അമ്മവരും സമ്മാനം കൊണ്ട്""പെട്ടെന്ന് തന്നെ  അതും നിലച്ചു .ഈ സമയത്താണ് അമ്മ മകൾക്കുള്ള സമ്മാനവുമായി വീട്ടുവാതിൽക്കൽ എത്തിയത്. പക്ഷേ സമ്മാനപൊതി കാണാൻ ഓടിവരേണ്ട മകൾ വന്നില്ല. അവർ വീടിനുള്ളിൽ കയറി. തന്റെ മകളുടെ ദയനീയാവസ്ഥ കണ്ട ആ സ്ത്രീയുടെ നെഞ്ചുപിടഞ്ഞു. സമ്മാനപൊതി വലിച്ചെറിഞ്ഞ് മോളെയും എടുത്ത് അവർ ആശുപത്രിയിലേക്ക് ഓടി .പക്ഷേ അവളുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ലാ എന്ന ഡോക്ടർമാരുടെ വിധി കേട്ട് ആ അമ്മയുടെ ഹൃദയവും നിശ്ചലമായി. അപ്പോഴും സമ്മാനപൊതിയിൽ നിന്ന് തെറിച്ചു വീണ പാദസരങ്ങൾ കിലുങ്ങികൊണ്ടിരുന്നു. കുറച്ച് സമയങ്ങൾക്ക് ശേഷം അതും നിലച്ചു.




# മാതൃത്വത്തിന്റെ മാധുര്യം



ദേവിക ജിന്റോ, 9A
ലിറ്റിൽ കൈറ്റ്സ് മെമ്പർ

അന്ധകാരത്തിന്റെ വേരുകൾ അവനെ  വന്നുമൂടിയപ്പോൾ

ഒരു കുറ്റവാളിയെപ്പോലെ വിറച്ചുക്കൊണ്ട് പുതപ്പിലെക്ക് ചുരുണ്ടു കൂടി. മനുവേട്ടനെന്തു പറ്റി എന്ന ചോദ്യവുമായി ഭാര്യ ഇന്ദു തട്ടിവിളിച്ചു . ഒന്നും മിണ്ടാതെ മനു കാറെടുത്തു പുറത്തേക്ക് പോയി .ഇന്ദു ദേഷ്യപ്പെട്ടാണ് മുറിയിലേക്ക് കയറിയത് ഇത്രയും നേരം മനു തിരിഞ്ഞും മറിഞ്ഞും കിടന്നും ഇടയ്ക്ക് ഞെട്ടിയുണർന്നു. അന്ധകാരത്തിന്റെ ഇരുണ്ട കൈകൾ

മാറിയപ്പോഴാണ് അവന് അല്പം ആശ്വാസമായത്. കാറെടുത്തുകൊണ്ടവൻ അചഞ്ചലമായ വഴിയിലൂടെ ക്ഷേത്രകവാടത്തിനു മുന്നലെത്തി. തലകുനിച് മനു പഴയ കാര്യങ്ങൾ അവന് മിന്നലെന്ന പോലെ ഒർമ്മ വന്നു. മനുവിന് അഞ്ചുവയസായപ്പേൾ അവന്റെ അച്ഛൻ മരിച്ചു.പിന്നീട് അവന്റെ അമ്മ അമ്മിണി വളരെ കഷ്ട്പ്പെട്ടാണ് അവനെ പഠിപ്പിച്ചു വലുതാക്കിയത് . ജീവിതത്തിന്റെ കൈയ്പ്പുനീർ കുടിക്കുമ്പോഴും ആ അമ്മ മനുവിനായി മധുരം കരുതിവെച്ചു .

ഒരു കുറവും അറിയിക്കാതെ അവനെ പഠിപ്പിച്ചു . വിദേശത്ത് പഠനം കഴിഞ്ഞ് മടങ്ങിവന്ന ശേഷം അവൻ വിവാഹം കഴിച്ചു .അവൻ അമ്മയിൽ നിന്ന് പതിയെ അകന്നു തുടങ്ങി ജോലി തിരക്കിനിടയിൽ അവൻ അമ്മയെ നോക്കുവാൻ പോലും സമയം കിട്ടിയില്ല .ഇന്ദു മോശമായ വാക്കുകൾ കൊണ്ട് അമ്മയെ വേദനിപ്പിച്ചു. ഒന്നും മിണ്ടാതെ പാവം അമ്മിണി ഒരു മുറിയിൽ ഒതുങ്ങിക്കൂടി. ഒരിക്കൽ മനുവും മരുമകളും ഉച്ചത്തിൽ എന്തോ സംസാരിക്കുന്നത് കേട്ട് അമ്മിണി മുറിയിൽ നിന്ന് പുറത്തിറങ്ങിനോക്കി . ഇന്ദു ദേഷ്യപ്പെട്ട് അവളുടെ മുറിയിലേക്ക്

കയറിപ്പോയി. പിറ്റേദിവസം പതിവില്ലാതെ അവരു
അമ്മിണിയുടെ അടുത്തുചെന്നു. മകനെ വാരിപ്പുണർന്ന് അമ്മ
മുത്തമിട്ടു .അമ്മിണിയെ മനു കാറിൽ കയറ്റി
വൃദ്ധസദനത്തിലെത്തിച്ചു. ഒന്നുമറിയാതെ വിറക്കുന്ന
കൈകൾക്കൊണ്ട് അമ്മിണി കാറിൽ നിന്ന് ഇറങ്ങി മകനെ
വിഷമത്തോടെ നോക്കി. അവൻ ഒന്നും മിണ്ടാതെ കാർ
മുന്നോട്ടെടുത്തു. പെട്ടെന്ന് ക്ഷേത്രത്തിൽ മണി

മുഴങ്ങുന്ന ശബ്ദം കേട്ട് അവൻ ഞെട്ടി. അവൻ കാറെടുത്ത്

അമ്മയുടെ അടുത്തേക്ക് ചെന്നു. വരാന്തയിൽ വിദൂരതയിലേക്ക്
നോക്കി ഇരിക്കുന്ന അമ്മയെ കണ്ട് അവൻ ആ കാലുകളിൽ
നമസ്കരിച്ചു.
കണ്ണുനീർത്തുള്ളിയാൽ അവൻ തന്റെ അമ്മയുടെ
കാൽപ്പാദങ്ങൾ കഴുകി. ഒന്നും മിണ്ടാതെ അമ്മ അവന്റെ
നെറ്റിയിൽ മുത്തമിട്ടു. അവൻ കാറിൽ അമ്മയെ കയറ്റിയിരുത്തി.
ചെയ്തുപോയ പാപങ്ങൾക്ക് അവൻ ക്ഷമയാചിച്ചു.അമ്മയെ ഒരു
നിമിഷം വണങ്ങി. അവൻ അമ്മയേയും കൂട്ടി വീട്ടിലേക്ക്
യാത്രയായി....

# മണ്ടൻ സിംഹവും മണ്ടൻ കുറുക്കനും





എൽദോസ് ലാൽ ,9B
ലിറ്റിൽ കൈറ്റ്സ് മെമ്പർ

കാട്ടിലെ ജിവികളെ തിന്നു മടുത്തപ്പോൾ കരയൻ സിംഹം മനുഷ്യരുടെ നാട്ടിലേക്ക് ഇറങ്ങാൻ തീരുമാനിച്ചു.മനുഷ്യർ എന്ന് കേട്ടിട്ടേയുള്ളു ഇതുവരെ അവരുടെ നട്ടിൽ പോയിട്ടേയില്ല . തിന്നാൻ പറ്റുന്ന ജീവികളാണോ മനുഷ്യർ എന്നും അറിയില്ല. ഏതായാലും ഒന്ന് പോയി നോക്കാൻ തന്നെ കരയൻ തീരുമാനിച്ചു. ഒറ്റയ്ക്ക് പോകുന്നത് ബുദ്ദിയല്ല. അതുകൊണ്ടുതന്നെ കരയൻ കൂട്ടുകാരനായ വിറയൻ കുറുക്കനെയും കൂട്ടു വിളിച്ചു. അങ്ങനെ രണ്ടുപേരും കൂടി . അവിടെയതാ,ഒരു കുടിൽ. കേലൻ

എന്ന കൃഷിക്കാരന്റെ വീടായിരുന്നു അത്.

വീട്ടുമുറ്റത്ത് കേലന്റെ ഭാര്യ മീലു ഉരലിൽ നെല്ലു കുത്തുകയായിരുന്നു.കരയനും വിറയനും അടുത്തു ചെന്നു.അതു കണ്ടിട്ട് കേലനും ഭാര്യയ്ക്കും പേടിയൊന്നും തോന്നിയില്ല.കാരണം,അവരും അതിനുമുമ്പ് സിംഹത്തെ കണ്ടിട്ടില്ലായിരുന്നു! ഉരലിൽ നെല്ലിട്ട് ഉലക്കകൊണ്ട് 'ടും...ടും...' എന്നു കുത്തുന്നതു കണ്ട് കരയൻ ചോദിച്ചു: “നിങ്ങളെന്താ ചെയ്യുന്നത്?” “നെല്ല് കുത്തുകയാ,” മീലു പറഞ്ഞു. നെല്ല് എന്നു പറഞ്ഞാൽ കുത്തുന്ന ഏതോ ഭീകരജീവിയാണെന്നാണ് കരയൻ വിചാരിച്ചത്.അവൻ ചോദിച്ചു: "എ...എന്നിട്ട് എന്തുചെയ്യും?” “എന്നിട്ട് അരി ഇടിക്കും.”അരി ഇടിച്ചു പൊടിക്കുന്ന കാര്യമാണ് മീലു പറഞ്ഞതാണ്.

എന്നാൽ കരയനുണ്ടോ അതു മനസ്സിലാവുന്നു!'ഇടിക്കുന്ന ഏതോ ജീവിയാണ് അരി!'കരയൻ വിചാരിച്ചു.കുത്തുകയും ഇടിക്കുകയും ചെയ്യുന്ന ജീവികളെ മുട്ടൻവടികൊണ്ട് കൈകാര്യം ചെയ്യുകയാണിവർ!"അതുകഴിഞ്ഞ് അരി എന്തുചെയ്യും ”വിറയൻ ചോദിച്ചു."ഇതു ഞങ്ങൾക്കു തിന്നാനാ!”മീലു പറഞ്ഞു.കരയൻ വിറച്ചുപോയി. ഇടിക്കാനും കുത്താനും വരുന്ന ഭീകരജീവികളെ പിടിച്ചു തിന്നുന്നവരാണ് മനുഷ്യർ! പിന്നെ ഒന്നും ചോദിക്കാൻ നിൽക്കാതെ കരയനും വറയനും കാട്ടിലേക്ക് തിരിച്ചോടി



# [redacted] ആരേയുംവിധിക്കരുത്



ജെയിംസ് റ്റോമി , 9B
ലിറ്റിൽ കൈറ്റ്സ് മെമ്പർ

ഒരിക്കൽ ഒരു പിതാവും മകനും ട്രയിനിൽ യാത്രചെയ്യുകയായിരുന്നു.അവൻ തന്റെ അച്ഛനോട് പറഞ്ഞു: "അച്ഛാ നോക്കു ഈ മരങ്ങൾ എല്ലാം പുറകോട്ടു സഞ്ചരിക്കുന്നു". അച്ഛൻ അവനെ നോക്കി വാത്സല്യത്തോടെ ചിരിച്ചു.പിന്നെ കുറച്ചു പോയപ്പോൾ അവൻ അച്ഛനോട് പറഞ്ഞു: "ദാ നോക്കു എത്രയോ വലിയ കെട്ടിടങ്ങളാണ് ഇവിടെ". പിന്നെയും അച്ഛൻ ഒന്നു ചിരിച്ചു. ഇവരുടെ സംസാരം കേട്ടുകൊണ്ടിരുന്ന രണ്ട് ആളുകൾ ആ അച്ഛനോട് ചോദിച്ചു: "ഇവന് എത്ര വയസുണ്ട്

".അച്ഛൻ പറഞ്ഞു: "എന്റെ മകന് 20-വയസുണ്ട്". പിന്നെയും

ട്രയിൻ മുന്നോട്ട് പോയി.മകൻ വീണ്ടും പറഞ്ഞു: " അച്ഛാ ഈ മേഘങ്ങളെല്ലാം നമ്മോടൊപ്പം സഞ്ചരിക്കുന്നു .ഇതുകേട്ട ആളുകൾ അച്ഛനോട് പറഞ്ഞു: "ഇവനെ ഒരു നല്ല ഡോക്ടറെ കാണിക്കണം".അത് കേട്ട അച്ഛൻ പറഞ്ഞു: " ഞങ്ങൾ ഡോക്ടറിനെ കണ്ട് മടങ്ങുന്ന വഴിയാണ് ഇവന് ജൻമനകാഴ്ചയില്ലായിരുന്നു.ഇന്നൊണ് ഇവൻ ഈ ലോകം ആദ്യമായാണ് കാണുന്നത് അതുകൊണ്ടാണ് ഇവൻ ഇങ്ങനെ പെരുമാറുന്നത്".ഇതുകേട്ടയുടനെ അവർ ആ അച്ഛനോടും മകനോടും മാപ്പ് പറഞ്ഞു.

**ഗുണപാഠം:** "ഈ ലോകത്ത് എല്ലാവർക്കും ഓരൊ കഥയുണ്ട് അത് മനസിലാക്കുന്നതിന് മുമ്പ് ആരേയും വിധിക്കരുത്".



# അമ്മ എന്ന സത്യം



സോന ഷാജി ,9 B

ലിറ്റിൽ കൈറ്റ്സ് മെമ്പർ

ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത ക്ഷേത്രത്തിന്റെ പരിസരത്ത് നല്ല തിരക്കാണ്.ആളുകൾ കൂട്ടം തെറ്റിപ്പോയാലും ആരും അറിയില്ല.ക്ഷേത്രത്തിന്റെ പരിസരത്തായി ഇരച്ച് വന്ന് ഒരു കാർ നിർത്തി.അതിൽ നിന്ന് പരിഷ്ക്കാരിയായി സൂട്ടും,ബൂട്ടും ധരിച്ച് കാണാൻ മാന്യനായ ഒരാളും, കാറിന്റെ പുറകുസീറ്റിൽ നിന്ന് ഒരു വൃദ്ധയും ഇറങ്ങി. യുവാവ് എന്തെന്നില്ലാത്ത വെപ്രാളത്തിൽ പെട്ടന്ന് നടന്നു. വൃദ്ധയ്ക്ക് നടക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടങ്കിലും യുവാവിന് പുറകെ ഏന്തിയും

ഓടിയും അവർ നടക്കാൻ ശ്രമിച്ചു. നടക്കത്തിലും അവർ പരസ്പരം ഏന്തോ സംസാരിച്ചുകൊണ്ടിരുന്നു. ക്ഷേത്രത്തിൽ തൊഴാനായി വൃദ്ധ കയറി. പിന്നീട് വൃദ്ധകണ്ണടച്ച്. പ്രാർത്ഥിച്ചുകൊണ്ടിരുന്നു

ഏതാണ്ട് അര മണിക്കൂറിനു ശേഷം അവർ കണ്ണുകൾ


തുറന്നു.വയ്യാതെയാണെങ്കിലും എന്തോ നഷ്ടപ്പെട്ടതുപ്പോലെ അവർ ചുറ്റിലും പരതി.കാലുകൾ എടുത്ത് വയ്ക്കാൻ വല്ലാതെ പ്രയാസപ്പെട്ടു.ഒഴുകി എത്തിയ ജനപ്രവാഹത്തിനു മുൻപിൽ അവൾ രക്ഷക്കായി നടക്കല്ലിൽ ഇരുന്നു. ഉച്ച മാഞ്ഞു ,സന്ധ്യ എത്തി ,രാത്രി വന്നു. ചുളിഞ്ഞ കണ്ണുകൾക്ക് തീരെ കാണാൻ സാധിക്കുന്നില്ല.എങ്കിലും അവർ മാത്രം അവിടെ എന്തേ പോകാത്തേ എന്ന് അറിയാൻ ക്ഷേത്രഭാരഭാഗി എത്തി. അവർ പറഞ്ഞു:"തോഴാൻ വന്നതാ, ന്റെ മോനേ കണ്ടില്ല.ഞാൻ കാത്തിരിക്കുവാ."മകന്റെ പേര് എന്തെന്ന് തിരക്കി. ഓർമക്കുറവാലാകണം അവർ മറന്നത്. താനെവിടെ എന്ന് അറിയാൻ പോലും പ്രാപ്തിയില്ലാത്ത അവരെ അയാൾക്ക് അവിടെ തനിയെ വിടാൻ തോന്നിയേയില്ല.നടക്കല്ല് ഓരോന്ന് ഇറങ്ങുമ്പോഴും അവർ തിരിഞ്ഞു നോക്കിക്കൊണ്ടേയിരുന്നു.പിന്നെ തിരിച്ചെത്തി അവരെയും കൂടെ കൂട്ടി.അവസാനമായി അവർ എന്തൊക്കെയോ പറഞ്ഞു."ഉണ്ണി

ഡൽഹീലാ."അയാൾ വൃദ്ധയുടെ കൈ മുറുകെ പിടിച്ച്

നടന്നകന്നു.എന്തെന്നില്ലാത്ത സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും

ഇടയിൽ അയാൾ തന്റെ ദൗത്യത്തിൽ സന്തോഷിച്ചു. ആ അമ്മ

പിന്നെയും എന്തൊക്കെയോ പറഞ്ഞു.




# പ്രതിഫലം നല്കുന്ന ദൈവം

അമീഷ ഷാൻ ,9B



പതിവുപോലെ സോനു ഉറക്കമുണർന്ന് വീടുകൾതോറും പത്രമിടുന്നതിനായി പോയി.അഞ്ചാം ക്ലാസിൽ പഠിക്കുന്ന അവന്റെ കുടുംബം ദാരിദ്ര്യത്താൽ വലയുകയാണ്. ഉപജീവനമാർഗമവൻ കണ്ടെത്തുന്നത് പത്രമിടുന്നതിലൂടെയാണ്.അവന്റെ അമ്മ

വീട്ടുജോലി ചെയ്താണ് കുടുംബം പുലർത്തുന്നത്.അച്ഛൻ രോഗബാധിതനായി കിടപ്പിലാണ്.ഒരുപാട് വീടുകളിൽ പത്രമിട്ടതിനുശേഷം അവൻ മേരി എന്ന യുവതിയുടെ വീട്ടിൽചെന്നു.അവൾക്ക് അവനെ വലിയ ഇഷ്ടമാണ്.അവന്റെ വിളറിയ മുഖവും കിതയ്ക്കുന്ന ശരീരവും അവളിൽ അനുകമ്പ ഉളവാക്കി. പതിവുപോലെ മേരി സോനുവിന് ഒരു ഗ്ലാസ് പാൽ നല്കി.അവന്റെ കണ്ണുകൾ നിറഞ്ഞു,നന്ദി പറഞ്ഞതിനുശേഷം അവൻ നടന്നു.തന്റെ ജോലി കൃത്യമായി

നിർവഹിച്ചതിനുശേഷം അവൻ സ്കൂളിലേയ്ക്ക് പോയി.വീട്ടിലെ സാഹചര്യം മനസ്സിലാക്കി അവൻ നന്നായി പഠിച്ചു.

വർഷങ്ങൾ കടന്നു പോയി.മേരിക്ക് പ്രായം ചെന്നു.അവൾ അവശയായി. രോഗപീഢകൾ അവളെ നിരന്തരം വേട്ടയാടിക്കൊണ്ടിരുന്നു.ഒരിക്കൽ തന്റെ രോഗത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ ,ഒരു ഓപ്പറേഷൻ വേണ്ടിവരുമെന്നും അതിന് ധാരാളം പണം വേണ്ടിവരുമെന്നും ആശുപത്രി അധികൃതർ അവളെ അറിയിച്ചു .അവൾ മറുപടി പറഞ്ഞില്ല., കാരണം അവൾ സമ്പന്നയായിരുന്നില്ല.ആ സമയത്താണ് ഡോക്ടർ ആഗതനായത്. അവൾ അയാളെ കണ്ട് അമ്പരന്നു,താനെന്നും പാൽ കൊടുത്തിരുന്ന കുട്ടിയാണെന്ന് അവൾ തിരിച്ചറിഞ്ഞു .പണത്തെക്കുറിച്ച് ആകുലയാകേണ്ടെന്നും എത്രയായാലും താൻ തന്നുകൊള്ളുമെന്നും പറഞ്ഞ ഡോക്ടറിന്റെ വാക്കുകൾ അവളുടെ കണ്ണുകൾ നിറച്ചു. അവർ പരസ്പരം ആശ്ലേഷിച്ചു.എത്ര ലളിതമായ കാര്യമാണ് ചെയ്തതെങ്കിലും ലഭിക്കുന്ന പ്രതിഫലം വലുതായിരിക്കുമെന്ന് അവൾ തിരിച്ചറിഞ്ഞു.





## എത്ര എളുപ്പം

നിയ മേരി ജോണി,6B

സ്കൂൾ വിട്ടു വരുന്ന കുട്ടി കടയിൽകയറി പറഞ്ഞു:ഇതൊന്നെഴുതിയെടുക്കാ മോ? " 35 രൂപയുടെ 4 കിലോ പഞ്ചസാര, 30 രൂപ വിലയുള്ള 5 പായ്ക്കറ്റ് തേയില ,25 രൂപയുടെ 4 സോപ്പ് 10 രൂപവിലയുള്ള 2 പായ്ക്കറ്റ് ഉപ്പ്

കടക്കാരൻ " വേറെ"

കുട്ടി:വേറെയൊന്നും വേണ്ട .കടക്കാരൻ 410 രൂപ

ഞാൻ അഞ്ഞൂറു രൂപാ തന്നാൽ

ബാക്കിയെത്രയുണ്ട്?

" തൊണ്ണൂറു രൂപാ"

കടക്കാരൻ ജോലിക്കാരോട്:ഈ കുട്ടിക്ക് വേഗം എടുത്തു കൊടുക്കൂ

**കുട്ടി :"വേണ്ട ,ഞാൻ വാങ്ങാൻ വന്നതല്ല നാളത്തെ ഹോംവർക്ക് ചെയ്യാൻ എളുപ്പത്തിനുവേണ്ടി ചോദിച്ചതാണ്"**



## നക്ഷത്രം



ഹെലൻ.എ.മുരിക്കൻ, 9B
ലിറ്റിൽ കൈറ്റ്സ് മെമ്പർ

അമ്മയുടെ കൈയിലിരുന്ന് അവൾ ആകാശത്തിലേക്ക് നോക്കുകയാണ്.അമ്മ പറയുന്ന ഒരോ വാക്കുകളും അവൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു .അപ്പോൾ അതാ അവിടെ ആകാശത്ത് ഒരു നക്ഷത്രം മിന്നിത്തിളങ്ങുന്നു. അവൾ ആ കാര്യം അമ്മയോട് പറഞ്ഞു. അപ്പോൾ അമ്മ പറഞ്ഞു അത് നിന്റെ കുഞ്ഞേട്ടായിയാണ് എന്ന്.അവൾ ജനിക്കുന്നതിനു മുമ്പ്

ഒരു മാസം എന്നു പറയാം,ഒരു കാർ  അപകടത്തിൽ നമ്മളെ എല്ലാം വിട്ട് ദൂരെ ഏതോ ഒരു ലോകത്തേക്ക് അവൻ

യാത്രയായി. അമ്മ ഈ വാക്കുകൾ പറയുമ്പോൾ അവൾ അമ്മയുടെ മിഴികൾ ശ്രദ്ധിച്ചു,നിറക്കണ്ണുകളോടെയായിരുന്നു

അത്. അങ്ങനെ ഒരു അമ്മയുടെ ദുഃഖം എന്താണ് എന്ന് അവൾ മനസ്സിലാക്കി.അവൾക്ക് ചോറു എടുക്കാൻ അമ്മ അകത്തുപ്പോയി,അപ്പോൾ അവൾ ആകാശത്തേക്ക് നോക്കി,

ആ നക്ഷത്രം അവളെ നോക്കി പുഞ്ചിരിക്കുകയാണ്.അവൾ കുറേ നേരം ആ നക്ഷത്രത്തെ നോക്കി നിൽക്കു കയായിരുന്നു, പിന്നെ അത് പതിവായി.ആ നക്ഷത്രം അവളുടെ ചേട്ടനാണ് എന്ന് അവൾ ഉറപ്പിച്ചു. പിന്നെ ഒരോ ദിവസവും നടക്കുന്ന എല്ലാം അവൾ ആ നക്ഷത്രത്തോട് പറയും. അങ്ങനെയിരിക്കേ ഒരിക്കൽ അവൾ ഇങ്ങനെ ആകാശത്ത് ചെല്ലുന്നത് എന്തിന് എന്ന് അറിയാൻ വേണ്ടി അമ്മ അവളുടെ അടുത്ത് വന്നു. താൻ ചെയ്യുന്ന എല്ലാ കാര്യവും അവൾ അമ്മയോട് പറഞ്ഞു,അപ്പോൾ അവളോട് ചേട്ടായിക്ക് ഉണ്ടായിരുന്ന സ്നേഹം അമ്മ അവൾക്ക് വെളിപ്പെടുത്തി. "നിന്നെ ഒത്തിരി ഇഷ്ടമായിരുന്നു അവന്, നിന്നെ ഒരു നോക്കു കാണാൻ അവൻ ആഗ്രഹിച്ചിരുന്നു. എന്നാൽ അതിന് ദൈവം അവനെ അനുവാദിച്ചില്ല, ഒരു അപകടത്തിൽ  ദൈവം  ഞങ്ങളിൽ നിന്ന് അവനെ അകറ്റി". ഇത് പറഞ്ഞപ്പോൾ  അവരുടെ കണ്ണിൽ നിന്ന് കണ്ണുനീർ ഒഴുകി

. ഇതെല്ലാം ആകാശത്തുനിന്ന് ആ നക്ഷത്രം

കാണുന്നുണ്ടായിരുന്നു. ഒരിക്കൽ അവൾ ആ നക്ഷത്രത്തെ

നോക്കിയപ്പോൾ അതിന്റെ പ്രഭ മങ്ങി തുടങ്ങിയുരുന്നു. വിഷമം

കൊണ്ട് അവൾ മുറിയിൽ കിടന്നു. അമ്മയുടെ കാർ വന്നപ്പോൾ

അവൾ ഓടി അമ്മയുടെ അരികിൽ ചെന്നു. അപ്പോൾ

അമ്മയുടെ കൈയിൽ ഒരു പൊതി. അവൾ അമ്മയോട്

നക്ഷത്രത്തിന്റെ കാര്യം പറയുന്നതിനു മുമ്പ് തന്നെ അവളുടെ

മുഖത്ത് ഉമ്മ നൽകിയതിനു ശേഷം അമ്മ പറഞ്ഞു: മോളെ

നിന്നെ സ്നേഹിക്കാനും നിനക്ക് ലാളിക്കാനും കൂടി ഒരു വാവ

വരുന്നു.പെട്ടന്ന് അവളുടെ മുഖം വിരിഞ്ഞു. ആകാശത്ത്

കാണാതായ ആ നക്ഷത്രം ഇനി ഭൂമിയിലെ പൂന്തോട്ടത്തിൽ

വരുന്നു എന്ന് അവൾ മനസിലാക്കി. അങ്ങനെ അവർ

സന്തോഷത്തോടെ മധുരപലഹാരങ്ങൾ കഴിക്കാൻ തുടങ്ങി.

# മധുരവിശേഷം


Personal hotspot, 1 connection(s),Used 11.1 MB
Kerala Infrastructure and Technology for Education

# ബനാന കേക്ക്





ആകാശ് റെജി, 9A

1. മൈദ - 2 കപ്പ്
2.ബേക്കിംഗ് പൗഡർ - 1 ടേബിൾ സ്പൂൺ
3.ബേക്കിംഗ് സോഡാ - 2 ടേബിൾ സ്പൂൺ
4. ഉപ്പ് - അര ടീസ്പൂൺ
5.പഞ്ചസാര - 1 കപ്പ്
6.മുട്ട - 3 എണ്ണം
7. തൈര് - 1 കപ്പ് (1 കപ്പ് തിളപ്പിച്ച പാൽ)
8. എണ്ണ - അര കപ്പ്
9.നന്നായി പഴുത്ത ഏത്തപ്പഴം - 3 എണ്ണം
10. അണ്ടിപ്പരിപ്പ് , കിസ്മിസ് - 1 ടേബിൾ സ്പൂൺ

1,2,3,4,5 ചേരിവകൾ നന്നായി മിക്സ് ചെയ്യുക. ഏത്തപ്പഴം

ചെറുതായി നുറുക്കി അൽപ്പം നെയ്യിൽ ഇളം ബ്രൗൺ നിറമാകുന്നതുവരെ വഴറ്റുക.തണുത്ത് കഴിയുമ്പോൾ മിക്സിയിൽ അടിച്ച് എടുക്കുക.6.7.8 ചേരുവകൾ കുറേശ്ശേ ചേർത്ത് 15 മിനിറ്റ് മിക്സ് ച്ചെയ്യുക.170 ഡിഗ്രി താപനിലയിൽ ഓവൻ ചൂടായി കഴിയുമ്പോ നോൺ - സ്റ്റിക്ക് പാത്രത്തിൽ കേക്ക് മിശ്രിതം ഓവനിൽ വയ്ക്കുക . അണ്ടിപ്പരിപ്പ് , കിസ്മിസ് ഇവ വറുക്കുക,20 മിനിറ്റ് കഴിയുമ്പോൾ കേക്കിന്റെ മുകളിൽ തൂവുക. 15 മിനിറ്റ് കഴിയുമ്പോൾ കേക്ക് പുറത്ത് എടുക്കാം.

# ഗ്രിൽഡ് ചിക്കൻ






അശ്വിൻ നെജി,8A

1.ചിക്കൻ മീഡിയം കഷണങ്ങളാക്കിയത് - അര കിലോ
2.ഇഞ്ചി, വെളുത്തുള്ളി അരച്ചത് - 2 ടീസ്പൂൺ
3.മല്ലിപ്പൊടി - 2 ടീസ്പൂൺ
4.മുളകുപൊടി - 2 ടീസ്പൂൺ
5.ചിക്കൻ മസാലപ്പൊടി - 3 ടീസ്പൂൺ
6.മഞ്ഞൾപ്പൊടി - കാൽ ടീസ്പീൺ
7.കോൺഫ്ളോർ - 4 ടീസ്പൂൺ
8.നാരങ്ങാനീര് - 1 ടീസ്പൂൺ
9.ഉപ്പ് ആവശ്യത്തിന്

ചിക്കൻ കഴുകി വൃത്തിയാക്കി , അരിപ്പ പാത്രത്തിൽ വെള്ളം വാർന്നുപോകുവാൻ കുറച്ച് സമയം അരിപ്പ പാത്രം വയ്ക്കുക .
അതിനുശേഷം 2 – 9 വരെയുള്ള ചേരുവകൾ തിരുമ്മി 4 മണിക്കൂർ ഫ്രിഡ്ജിലെ ഫ്രീസറിൽ തണുപ്പിക്കുവാൻ വയ്ക്കുക .
അതിനുശേഷം പുറത്ത് എടുത്ത് വയ്ക്കുക . ഓവൻ 180 ഡിഗ്രി സി ചൂടായി


കഴിയുമ്പോൾ നോൺ – സ്റ്റിക്ക് പാത്രത്തിൽ എണ്ണ പുരട്ടി ചിക്കൻ ഓവനിൽ വയ്ക്കുക . 1 മണിക്കൂർ കഴിയുമ്പോൾ ചിക്കൻ മറിച്ച് വയ്ക്കുക .
വീണ്ടും 1 മണിക്കൂർ കഴിയുമ്പോൾ ഓവൻ നിറുത്തി ചിക്കൻ പുറത്ത് എടുക്കാം .

# ചിത്രലോകത്തേയ്ക്ക്.....



Personal hotspot, 1 connection(s),Used 11.1 MB
Kerala Infrastructure and
Technology for Education



എബിൻ ജയിംസ് ,9B




ജയിംസ് റ്റോമി, 9 B



അഭിജിത്ത് ഇ.ആർ,9B



ജിബിൻ ജോർജ്ജ്, 9B



ജോഷ്വാ സാജ ,9C



ഫെബി അജി,9 C



# Flower kite.com 2019



**നന്ദി....... ഞങ്ങളെ ലക്ഷ്യത്തിലെത്തിച്ച ഗുരുഭൂതർക്ക്................**